# സാന്തോം മെസഞ്ചർ

# SANTHOME MESSENGER

St. Thomas Forane Church - Parish Bulletin | Vol. 42 | Issue 06 | October 2016




"THE HOLY ROSARY
IS THE STOREHOUSE OF
COUNTLESS BLESSING."


Alice
GOLD | DIAMONDS | PLATINUM
Designer
CHETTUPUZHA GROUP
SINCE 1914
BUY A BEAUTIFUL FUTURE
Light Weight
#50 Dispensary Rd.
Ph No: 08025591378
#218/1 Kammanahalli
Ph No: 08025441145

# സാന്തോം മെസഞ്ചർ

St. Thomas Forane Church - Parish Bulletin

SANTHOME MESSENGER

Vol: 42 / Issue: 6 / October 2016

## EDITORIAL BOARD

**Printed & Published by**

**Rev. Dr. Thomas Kallukalam CMI**
Vicar, St. Thomas Forane Church
Mob : 7829792320

**Chief Editor**

**Fr. Justin Manninezhath CMI**
Asst. Vicar
Mob : 9916190495
E-mail : justinmanninezhathcmi@gmail.com

**Associate Editor**

**Fr. Benny Tharakunnel CMI**
Asst. Vicar
Mob : 9480732249
E-mail : bennytharakunnel@gmail.com

**Editorial Board**

Dr. Bino Kalarikkal
Mrs. Sweetha Mary Reji

**Layout Design & Printing**

**Matha Printers**
Tel : 2684 5565, 9886809060
E-mail : mathaprints@gmail.com




www.stthomasforanechurch.org
stthomasforanechurch@gmail.com

## അകത്തളം

ഇടയ സന്ദേശം 2
Shepherd's Message 3
Musings from the Editor 4
ട്രസ്റ്റിമാർ സംസാരിക്കുന്നു 5
ഇടയനൊപ്പം അൽപനേരം 6
ജപമാലയിലെ ജയഗീതം 11
പരി. അമ്മ - വാഗ്ദാനത്തിന്റെ പേടകം 13
ജപമാലരാജ്ഞി - കുടുംബത്തിന്റെ നാഥ 15
KIDZEE 16
STARTT 17
ഇടവകയിലെ സന്ന്യാസ സമൂഹങ്ങൾ 18
ഇടവക വാർത്തകൾ 22
എഫാത്ത ബൈബിൾ ക്വിസ്സ് 26



സാന്തോം മെസഞ്ചറിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 2016 നവംബർ 15-ന് മുമ്പായി പാരീഷ് ഓഫീസിൽ ഏൽപ്പിക്കുക.

Email : stthomasforanechurch@gmail.com
Mob : 9916190495

# ഇടയനാദം



ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

1991 ഡിസംബർ 27ാം തിയതി ചെത്തിപ്പുഴ തിരുഹൃദയാശ്രമത്തിൽ വച്ച് ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ കൈവയ്പു ശുശ്രൂഷ വഴി ഞാൻ പൗരോഹിത്യം സ്വീകരിക്കുകയും, പിറ്റേ ദിവസം ഡിസംബർ 28-ാം തിയതി എന്റെ മാതൃ ഇടവകയായ വടക്കേക്കര സെന്റ് മേരീസ് ഇടവകയിൽ എന്റെ ആദ്യ വിശുദ്ധ ബലിയർപ്പണം നടത്തുകയും ചെയ്തു. തുടർന്ന് ചെത്തിപ്പുഴ, ധർമ്മാരാം, മാന്നാനം, പുനലൂർ, തിരുവല്ല തുടങ്ങിയ സ്ഥലങ്ങളിൽ സേവനമനുഷ്ഠിക്കുകയുണ്ടായി. തുടർന്നു ദൈവനിയോഗപ്രകാരം 2011 ജൂലൈ 3-ാം തിയതി മുതൽ ഇവിടുത്തെ ഇടവകയുടെ ഇടയനായി സേവനമനുഷ്ഠിക്കുന്നു.

ദൈവം എന്നെ അയയ്ക്കുന്ന സ്ഥലങ്ങളിൽ ദൈവഹിതം നിറവേറ്റണമെന്ന ചിന്ത ശക്തമായിരുന്നു. ഇതിനു കാരണക്കാരായ എന്റെ നല്ല മാതാപിതാക്കൻമാരെയും, കുടുംബാംഗങ്ങളെയും, എന്റെ ഗുരുഭൂതൻമാരെയും, എനിക്കുവേണ്ടി പ്രാർത്ഥിച്ചവരെയും, എന്റെ നന്മ ആഗ്രഹിച്ച എല്ലാവർക്കും നന്ദി. 2011 ജൂലൈ മുതൽ ഇന്നുവരെ നമ്മുടെ ഈ ഇടവക ദേവാലയവുമായി ബന്ധപ്പെട്ടു നല്ല തമ്പുരാൻ നൽകിയ എണ്ണമറ്റ അനുഗ്രഹങ്ങൾക്ക് ഞാൻ നന്ദി പറയുകയാണ്. ദൈവം നമ്മെ അനുഗ്രഹിക്കുവാൻ ഉപയോഗിച്ച അനേകം വ്യക്തികളെ ഓർത്ത് ഞാൻ നന്ദി പറയുന്നു. നമ്മുടെ ഇടവകയിൽ ഏതെങ്കിലും തരത്തിൽ വേദനിക്കുകയും, ഒറ്റപ്പെടുകയും, നിരാശപ്പെടുകയും, പല തരത്തിലുള്ള തിന്മകൾക്ക് അടിമപ്പെട്ടു ജീവിക്കുവരെയും ഓർമ്മിച്ചു പ്രാർത്ഥിക്കുന്നു. വേദനിക്കുന്നവരെ മറന്ന് നമുക്ക് ക്രിസ്തീയജീവിതം നയിക്കുവാൻ സാധ്യമല്ല. അതുകൊണ്ട് നമ്മൾ തുടങ്ങിവച്ചിരിക്കുന്ന എല്ലാ കാരുണ്യപ്രവൃത്തികളും പുതുതായി തുടങ്ങുന്നവയും നമ്മളെല്ലാവരും ഏറ്റവും നന്നായി സഹകരിച്ച് ദൈവാനുഗ്രഹത്തിനുള്ള ശക്തമായ വഴിയാക്കിതീർക്കണം. ഇപ്പോൾ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്ന കാരുണ്യപ്രവൃത്തികൾ:

- St. Chavara Krupalaya Old-Age Home
- Medical Insurance
- Monthly Ration for the Poor
- Manna – Karunya food distribution on Sundays
- Minority Benefits
- Educational Scholarship
- Emergency Aid

പാവപ്പെട്ടവർക്കും, വേദനിക്കുന്നവർക്കും ദൈവസ്നേഹത്തെപ്രതി നമ്മൾ നടത്തുന്ന എല്ലാ പരിശ്രമങ്ങളെയും ദൈവമനുഗ്രഹിക്കും, തീർച്ച. അതുകൊണ്ട് നമ്മുടെ ഇടവകയിലുള്ള എല്ലാ കുടുംബങ്ങളും, അതിലെ ഓരോ അംഗങ്ങളും തങ്ങൾക്ക് ദാനമായി കിട്ടിയിരിക്കുന്ന – സമയം, സമ്പത്ത്, അറിവ്, കഴിവുകൾ, പ്രാർത്ഥന – എന്നിവയുടെ ദശാംശം നിർബന്ധമായും പങ്കുവയ്ക്കുക. വി. കുർബാന, ആരാധന, പരിശുദ്ധ അമ്മയോടുള്ള മാദ്ധ്യസ്ഥം, നമ്മുടെ പേരിന്റെ പുണ്യവാൻ (പുണ്യവതി), കാവൽമാലാഖമാർ എന്നിവരോടുള്ള നിരന്തരമായ പ്രാർത്ഥന നമ്മെ വളർത്തും. നിങ്ങളുടെ വലിയ സ്നേഹത്തിന്, കരുതലിന്, പ്രാർത്ഥനയ്ക്ക് നന്ദി.

സസ്നേഹം,

**ഫാ. തോമസ് കല്ലുകളം സി.എം.ഐ.**
വികാരിയച്ചൻ

# Shepherd's Message



Dearly beloved in Christ Jesus,

On 27th December 1991, through the laying-on of hands byHis Grace Mar Joseph Powathil, the then Archbishop of Chanagancherry, I was ordained into the order of priesthood at Sacred Heart Church, Chethipuzha, and the next day, 28th December, I celebrated my first Mass at St. May's church, Vadkekkara, my native Parish. Thereafter, I served in varied capacities at Chethipuzha, Dharmaram, Mannanam, Punalur and Thiruvalla. Subsequently, according to His will, I have been shepherd to the parish at St.Thomas Forane church, here in Bangalore, from 3rd July 2011.

Wherever the Lord leads me to serve, my desire to fulfill His will has been powerful. This is due to my virtuous parents, family members, my teachers, those who have prayed for me and wish me well, and I remain ever grateful to them. From July 2011 onward, until this day, the Almighty Lord has showered immense blessings on our parish, and for this I am eternally thankful. I remember with gratitude all the people the Lord has used to bless us in various ways. I remember in my prayers, all those in our parish who are suffering from any kind of illness, pain, despair, the lonely and those who are slave to hurtful addictions. Christian life is incomplete if we forget our suffering brothren. Thus, we should all actively participate and cooperate in making all the charitable ventures that we have started and plan to start, as avenues of blessing for our Parish. Given below are the charitable ventures that are ongoing in our parish:

- St. Chavara Krupalaya Old-Age Home
- Medical Insurance
- Monthly Ration for the Poor
- Manna – Karunya food distribution on Sundays
- Minority Benefits
- Educational Scholarship
- Emergency Aid

The Lord will definitely bless all that we do for our impoverished and troubled fellow men. Towards this, every member of every family in our parish, should give a tithe of his/her time, wealth, knowledge, talent, and prayer, for those in need. The Holy Eucharist, adoration of the Blessed Sacrament, Rosary, Prayers to our Patron Saint and our Guardian Angel, will all deepen our faith.

I am forever grateful to you for your love, consideration and your prayers.

**Fr. Thomas Kallukalam CMI**
Forane Vicar



Dearly Beloved in Christ Jesus,

Lourdes is known world over for Mother Mary's apparitions and the healing that happens there. Each time Mother Mary appears before us, she is trying to tell us that our prayers never go unheard. Delayed does not mean denied!

One day a paralytic child, named Rosy, was brought to Lourdes by her parents. During the Eucharistic procession while everyone was earnestly reciting the rosary, this child looking at the Eucharistic Lord said, "Lord, who really lives in the Holy Eucharist, stretch out your hand and heal me." The first day passed. The second day, too, passed, but Rosy received no healing. However, the girl repeated the same prayer, "Lord, who really lives in the Holy Eucharist, stretch out your hand and heal me". While many sick people were healed, this child was not. But on the third day, while the Eucharistic Lord was approaching her in the monstrance, this child repeated the prayer with a slight change, "My lord, Who really lives in this Holy Eucharist, You did not heal me yesterday and the day before, If you don't heal me today, I will tell your mom." Legend has it that the girl was instantly healed!!

Dear Friends, let's be aware of this powerful intercession of Mother Mary in our lives. Let us surrender ourselves to her and tell her all our problems and difficulties. Indeed, the month of October was a blessing for us. We celebrated the solemn rosary in our parish and the Silver Jubilee of Priesthood of our beloved vicar. I gratefully acknowledge the wholehearted support and help given by the trustees, ward councilors, association members and all the parish members in this regard! May God bless you all!!!

Yours in our Lord,

**Fr. Justin Manninezhath**
Asst. Vicar

## POPE'S VOICE



Jesus' attitude is striking: we do not hear the words of scorn, we do not hear words of condemnation, but only words of love, of mercy, which are an invitation to conversation. "Neither do I condemn you; go, and do not sin again." Ah! Brothers and Sisters, God's face is the face of a merciful father who is always patient. Have you thought about God's patience, the patience He has with each one of us? That is His mercy. He always has patience, patience with us, He understands us, He waits for us, He does not tire of forgiving us if we are able to return to Him with a contrite heart. "Great is God's mercy," says the Psalm.

# ട്രസ്റ്റിമാർ സംസാരിക്കുന്നു...








പരിശുദ്ധ ജപമാല ആചരിക്കുന്ന ഈ മാസത്തിൽ നമ്മുടെ ഇടവകയിലെ എല്ലാ കുടുംബങ്ങൾക്കും മാതാവിന്റെ അനുഗ്രഹവും പ്രാർത്ഥനയും സ്നേഹവും സമാധാനവും ധാരാളമായി ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ക്രൈസ്തവ ജീവിതത്തിന്റെ കാതൽ യേശുവിൽ അടിയുറച്ച വിശ്വാസമാണല്ലോ. ഈ വിശ്വാസത്തിന്റെ വേരുകൾ എത്രത്തോളം ആഴ്ന്നിറങ്ങിയിട്ടുണ്ടെന്ന് നാം പരിശോധിക്കേണ്ടതാണ്. എല്ലാ ദിവസവും ബൈബിൾ വായിച്ചതുകൊണ്ടോ, ജപമാല ഉരുവിട്ടതുകൊണ്ടോ, വിശുദ്ധ കുർബാനയിൽ പങ്കുചേർന്നതുകൊണ്ടോ മാത്രം നാം ദൈവത്തിനു സ്വീകാര്യരായ മക്കളാകുന്നില്ല. യേശു ബൈബിളിലൂടെ വെളിപ്പെടുത്തിയ ഓരോ വചനവും നമ്മുടെ ജീവിതത്തിൽ പ്രാവൃത്തികമാക്കുവാൻ നാം പരിശ്രമിക്കണം. ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ച പരി. അമ്മയുടെ മാദ്ധ്യസ്ഥ്യം വചനബദ്ധമായ ജീവിതത്തിനും യഥാർത്ഥ വിശ്വാസജീവിതത്തിനും നമുക്കു സഹായകമാകട്ടെ.

ഈ കരുണയുടെ വർഷത്തിൽ, നമ്മുടെ സമൂഹത്തിൽ വിശക്കുന്നവർക്കുമുന്നിൽ, ദാഹിക്കുന്നവർക്കു മുന്നിൽ, മുറിവേറ്റവരുടെ മുന്നിൽ, വസ്ത്രമില്ലാത്തവരുടെ മുന്നിൽ, കിടപ്പാടമില്ലാത്തവരുടെ മുന്നിൽ, എല്ലാം നഷ്ടപ്പെട്ടു ജയിലിൽ കഴിയുന്നവരുടെ മുന്നിൽ, നമ്മൾ ദിവസവും വായിക്കുന്ന ബൈബിൾ വചനങ്ങൾ നമ്മളിലൂടെ പ്രവൃത്തിക്കുന്നുണ്ടെങ്കിൽ നമ്മുടെ ക്രൈസ്തവ ജീവിതം അതിന്റെ ഉദ്ദേശശുദ്ധിയിലേക്കും പരിപൂർണ്ണതയിലേക്കും സഞ്ചരിച്ചുകൊണ്ടിരിക്കുകയാണെന്ന് തീർച്ചയായും നമുക്ക് ഉറപ്പിക്കാം. അതിനായി നമുക്ക് പ്രാർത്ഥിക്കാം, പരിശ്രമിക്കാം...

സ്നേഹപൂർവ്വം,

ട്രസ്റ്റിമാർ

## ഇടവകയിലെ വിവിധ സംഘടനകളുടെ മീറ്റിംഗ് സമയക്രമം

| Name of Association | Meeting Day | Time |
|---|---|---|
| Altar Boys | 1st Sunday | 12.30 pm |
| KCSSA | Last Sunday | 4.00 pm |
| Legion of Mary (Gents) | Every Saturday | 4 pm - 5 pm |
| Legion of Mary (Ladies) | Every Saturday | 6.30 pm - 7.30 pm |
| Mathruvedhi | 3rd Saturday | 02.30 pm |
| Mothers' Special Prayer Meeting | 2nd Saturday | 4.15 to 5.15 pm |
| Nurses' Forum / Prayer Meeting | 1st Sunday | 03.00 pm |
| Parish Council Meeting | 3rd Sunday | 10.30 am |
| Pithruvedhi | Last Sunday | 10.30 am |
| Professional Forum | 1st Sunday | 10.30 am |
| Renewal of Wedding Vows | Last Sunday | 08.30 am |
| Santhome Angel's Voice | Every Saturday & Sunday | 4-5 pm |
| Santhome Choir | Last Sunday | 03.00 pm |
| SMYCA-St. Chavara Association | 1st Sunday | 10.30 am |
| SMYM,St. Thomas Unit | 4th Sunday | 10.30 am |
| St. Christopher Association | 1st Sunday | 08.30 am |
| Vincent De Paul | Every Sunday | 8.30 am- 9.30am |
| Youth Prayer | Every Saturday | 7.00 pm |

# ഇടയനൊപ്പം അൽപനേരം...

**ടോണി തോമസ്**



നമ്മൾ ദിവസേനയെന്നോണം കാണുന്നൊരാൾ, നമ്മുടെ ആവശ്യങ്ങളും സങ്കടങ്ങളും പരാതികളും ഏതു തിരക്കിനിടയിലും ക്ഷമാപൂർവ്വം കേൾക്കുകയും ആത്മീയവും ഭൗതികവുമായ പരിഹാരങ്ങൾ നിർദേശിച്ച്, വഴികാട്ടിയായി എപ്പോളും കൂടെയുള്ളൊരാൾ, നമ്മുടെ ഇടവകയുടെ ഇടയൻ ഫാ. തോമസ് കല്ലുകളം. തന്റെ സഫലമായ പൗരോഹിത്യത്തിന്റെ രജത ജൂബിലി നിറവിൽ നിൽക്കുന്ന അദ്ദേഹത്തോടൊപ്പം അൽപനേരം ചിലവഴിച്ച് കുറേകാലങ്ങളായി ആഗ്രഹിച്ചിരുന്ന ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അനുഭവത്തിന്റെയും വിവേകത്തിന്റെയും തൂവൽ വർണ്ണങ്ങൾ കൊണ്ട് നെയ്തെടുത്തതായിരുന്നു ഓരോ മറുപടിയും. പതിയെ മനസ്സിലാകുകയായിരുന്നു അതൊരു മനുഷ്യന്റെ വാക്കുകളല്ല, മറിച്ച് ദൈവത്തിൽ നിന്നും പുറപ്പെടുന്നൊരു നീരുറവയാണെന്ന്...




**ബാല്യ കൗമാരങ്ങൾ?**

ജനനം 1962 മാർച്ച് 12, ചങ്ങനാശ്ശേരി വടക്കേക്കര എന്ന ചെറിയ ഗ്രാമത്തിൽ അന്തോനിച്ചന്റെയും ശോശാമ്മയുടെയും ആറു മക്കളിൽ അഞ്ചാമനായി ജനനം. ഏഴാം ക്ലാസ്സ് വരെയും അടുത്തുള്ള ഒരു ഗവണ്മെന്റ് സ്കൂളിലും പിന്നീട് SB ഹൈസ്കൂളിലും. പത്താം ക്ലാസ്സിനു ശേഷം സെമിനാരിയിൽ ചേർന്നു.

**ദൈവവിളിക്കു പ്രചോദനം നൽകിയതിൽ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും ബന്ധുക്കളുടെയും പങ്ക്?**

ദൈവം എനിക്ക് തന്ന ഏറ്റവും വലിയ സമ്മാനം എന്റെ നല്ല മാതാപിതാക്കൾ തന്നെയാണ്. പിന്നെ സഹോദരങ്ങളും. പ്രാർഥനയിലും മറ്റ് ആത്മീയ കാര്യങ്ങളിലും അത്രമേൽ നിഷ്ഠയുള്ളവരായിരുന്നു മാതാപിതാക്കൾ. വെറുതെ ഉപദേശിക്കുക മാത്രമല്ല അങ്ങിനെ തന്നെ ജീവിച്ചു കാണിക്കുകയും ചെയ്തവരാണവർ. എന്റെ മുന്നിലെ ശക്തമായ മാതൃകകളാണവർ. അമ്മയാണെങ്കിൽ ശക്തമായി പ്രാർഥനയിൽ ആശ്രയിച്ചിരുന്ന ഒരാളായിരുന്നു. ഞാൻ സെമിനാരിയിൽ ചേരുകയാണ് എന്ന് പറഞ്ഞപ്പോളാണ് അമ്മ പറഞ്ഞത് 'എന്റെ മക്കളിൽ ആരെയെങ്കിലും വൈദിക ജീവിതത്തിലേയ്ക്ക് വിളിക്കണേ എന്ന് സ്ഥിരമായി പ്രാർഥിച്ചിരുന്നു മോനേ' എന്ന്. അതുവരെ ആരും എന്നോടങ്ങിനെ പറയുകയോ നിർബന്ധിക്കുകയോ ചെയ്തിരുന്നില്ല.

**മുന്നിലുണ്ടായിരുന്ന റോൾ മോഡൽ?**

എന്റെ അമ്മയുടെ സഹോദരൻ ബത്തേരി സീറോ മലങ്കര രൂപതയിലെ വൈദികനായിരുന്നു. അച്ചന്റെ ശക്തമായ പൗരോഹിത്യ ജീവിതം എന്നും ഒരു പ്രചോദനമായിരുന്നു. പാവങ്ങൾക്ക് വേണ്ടി ഉഴിഞ്ഞുവെച്ചൊരു ജീവിതമായിരുന്നു അത്. ത്യാഗങ്ങൾ എന്ത് മാത്രം വേണമെങ്കിലും സഹിക്കാൻ തയ്യാറുള്ളോരാൾ. ഒരിക്കലും അദ്ദേഹം ഞാൻ അച്ചനാകണം എന്നൊന്നും നിർബന്ധിച്ചിട്ടില്ല പക്ഷെ തന്റെ ജീവിതം കൊണ്ട് പ്രചോദിപ്പിക്കുകയും സ്വാധീനിക്കുകയുമായിരുന്നു.

**എന്തുകൊണ്ട് CMI സഭ?**

ചങ്ങനാശ്ശേരിയിലെ ചെത്തിപ്പുഴയിലുള്ള CMI ആശ്രമമായിരുന്നു എന്റെ അന്നത്തെ ഇടവക. അവിടെയാണ് വേദപാഠം പഠിച്ചത്. അവിടുത്തെ ആശ്രമത്തിലെ അച്ചൻമ്മാരെ കണ്ടും ഇടപെട്ടും അവരുടെ സ്വാധീനത്തിൽ സ്വാഭാവികമായി CMI സഭ തെരഞ്ഞെടുത്തു.

**സെമിനാരി വിദ്യാർഥിയായും പിന്നീട് സെമിനാരി റെക്ടറായും സേവനമനുഷ്ഠിച്ചു. ആ കാലഘട്ടത്തിലെ അനുഭവങ്ങൾ?**

ഇപ്പോഴും പലർക്കും ഉള്ളൊരു തെറ്റിദ്ധാരണയാണ് സെമിനാരിയിൽ പോകുന്നവരെല്ലാം അച്ചന്മാരാകണം എന്നത്. വരുന്നവരിൽ ആരും തന്നെ തന്റെ ദൈവവിളിയെക്കുറിച്ചു നൂറു ശതമാനം തീർച്ചയുള്ളവരല്ല. ഒരു ചിന്ത കൊണ്ടോ, പ്രചോദനം കൊണ്ടോ, മറ്റാരുടെയോക്കെയോ

പ്രേരണ കൊണ്ടോ, സാഹചര്യങ്ങൾ കൊണ്ടോ ഒക്കെ വരുന്നവരാണ്. സെമിനാരിയിലെ പരിണാമക്രമത്തി ലൂടെ കടന്നുപോകുമ്പോൾ അവർ സഭയെക്കുറിച്ചും സഭ അവരെക്കുറിച്ചും പഠിച്ചുകൊണ്ടിരിക്കുകയാണ്. പത്തു പതിനാലു വർഷം നീളുന്ന ദീർഘമായ ഈ പ്രോസസ്സിനിടയിൽ അവർ അവരെക്കുറിച്ചു തന്നെ ബോധവാന്മാരായി തീരുന്നതും സഭ അവരെ കൂടുതൽ മനസ്സിലാക്കുന്നതുമാണ്. അതിൽ നിന്നും ഓരോ വ്യക്തി യുടെയും spiritual and intellectual capactiy, emotional balance, physical abiltiy ഒക്കെയും മനസ്സിലാക്കപ്പെടുകയും വിലയിരുത്തപ്പെടുകയുമാണ്. അപ്പോളാണ് പലർക്കും മനസ്സിലാകുക ഇതല്ല, ഇതായിരുന്നില്ല എന്റെ വഴി എന്ന്. അപ്പോൾ അവരെ സന്തോഷപൂർവ്വം പറഞ്ഞുവിടുക യോ അവർ തന്നെ പോകുകയോ ആണ്. അതങ്ങിനെ വേണം. ഞാൻ തന്നെ പലരെയും സെമിനാരിയിൽ നിന്നും പറഞ്ഞുവിട്ടിട്ടുണ്ട്. അവരൊക്കെ ഇപ്പോൾ വിജയകരമായി കുടുംബ ജീവിതം നയിക്കുന്നു.

എന്റെ അഭിപ്രായത്തിൽ വൈദിക ജീവിതത്തിൽ മാത്രമല്ല കുടുംബ ജീവിതത്തിലും ഈ വിളിയും തിരിച്ചറി വും വേണ്ടതാണ്. എത്രപേർ തങ്ങളുടെ കുടുംബ ജീവി തത്തിലെയ്ക്കുള്ള വിളി തിരിച്ചറിഞ്ഞു ബോധ്യത്തോടെ അതിൽ പ്രവേശിക്കുന്നുണ്ട് എന്നറിഞ്ഞുകൂടാ. പലരും ആരുടെയൊക്കെയോ നിർബന്ധം കൊണ്ടും സമൂഹത്തെ പേടിച്ചും ഒക്കെയാണ് വിവാഹ ജീവിതത്തിൽ പ്രവേശിക്കുന്നത്. കുടുംബ ജീവിതത്തിലെ പല പ്രശ്നങ്ങൾക്കും കാരണം അതാകാം.

ദൈവം ഓരോ മനുഷ്യനും ഒരു വിളിയും നിയോഗവും വച്ചിട്ടുണ്ട്. ഒരു അച്ചനാവുക എന്നത് എന്റെ വിളിയാണ് എന്നാൽ അതിനുള്ളിൽ ഒരു നിയോഗമുണ്ട് (special call) എനിക്ക് മാത്രം ചെയ്യാനായി ദൈവം ഒരുക്കിവച്ചിരിക്കുന്ന ഒന്ന്. ഓരോരുത്തർക്കും ഉണ്ടത്. ഓരോരുത്തരും വി ളിക്കുള്ളിലെ വിളി, തിരിച്ചറിയുക എന്നതിലാണ് കാര്യം. ഉദാഹരണത്തിന് മദർ തെരേസയുടെ ജീവിതം നോക്കൂ, ലോറെറ്റോ കോൺവെന്റിൽ ഒരു സ്കൂളിന്റെ പ്രിൻസി പ്പാൾ ആയി വളരെ സുഖപ്രദമായ, അല്ലലുകളില്ലാത്ത ജീവിതമായിരുന്നു മദർ നയിച്ചിരുന്നത്. എന്നാൽ അതല്ല തന്റെ നിയോഗം എന്ന് തിരിച്ചറിഞ്ഞ് അവിടെ നിന്നും അതുവരെ ആരും സഞ്ചരിച്ചിട്ടില്ലാത്ത അതിദുർഘടമായ വഴികളിലൂടെ യാത്ര ചെയ്താണു മദർ വിശുദ്ധയായത്. അല്ലെങ്കിൽ മറ്റു ഒരുപാട് പേരോടൊപ്പം ഒരാൾ മാത്രമാ കുമായിരുന്നു മദർ തെരേസ്സ. മദർ പറഞ്ഞിട്ടുണ്ട്, എന്റെ ജീവിതത്തിലെ ഏറ്റവും വേദനാ ജനകമായ തീരുമാനം ലോറെറ്റോ കോൺവെന്റിൽ നിന്നും പുറത്തുവരിക എന്നതായിരുന്നു എന്ന്. പക്ഷെ അതായിരുന്നു ദൈവം അമ്മയോട് ആവശ്യപ്പെട്ടത്. അമ്മ അത് തിരിച്ചറിഞ്ഞു.

ഈ വിളി ഓരോരുത്തർക്കും ഉള്ളതാണ്. പക്ഷെ ട്രാജഡി എന്താണെന്ന് വച്ചാൽ നല്ലൊരു ശതമാനം ആളുകളും അത് തിരിച്ചയാതെ പോവുകയും തങ്ങളുടെതല്ലാത്ത ജീവിതം ജീവിച്ചുതീർക്കുകയും ചെയ്യുന്നു. തങ്ങൾ സുരക്ഷിതമായ, അല്ലലുകളില്ലാത്ത പാത തെരഞ്ഞെടുത്തു എന്നവർ കരു തുന്നു. പക്ഷെ ഒരിക്കൽപോലും സംതൃപ്തിയോ സമാധാന മോ ഉണ്ടാകില്ല. കാരണം ദൈവം നിങ്ങൾക്കായി ഒരുക്കി വച്ചിരുന്നത് കാണാതെ നിങ്ങൾ മറ്റെന്തിലോക്കെയോ അഭയം തേടുകയായിരുന്നു.

## ഈ വിളിക്കുള്ളിലെ വിളി (call within a call) നമ്മൾ എങ്ങിനെ തിരിച്ചറിയും?

അത് നമ്മൾ ദൈവത്തോട് തന്നെ ചോദിക്കണം. ദൈവമേ... എന്തിനു നീയെന്നെ ഇവിടെ കൊണ്ട് വന്നു? എന്തിനു എന്റെ ജീവിതത്തിൽ ഇങ്ങിനെ സംഭവിച്ചു, എന്താണ് നീ എന്നിൽ നിന്നും ആഗ്രഹിക്കുന്നത്? പ്രാർത്ഥിക്കുക, ധ്യാനിക്കുക, തീവ്രമായി അന്വേഷിക്കുക നിങ്ങൾക്കുള്ളത് എന്താണെന്ന് ദൈവം തന്നെ വെളിപ്പെടുത്തി തരും. അതിനു കുറുക്കു വഴികൾ ഒന്നുമില്ല. അത് ദൈവവും നിങ്ങളും മാത്രമുള്ള വേളകളിൽ സംഭവിക്കേണ്ട ഒന്നാണ്. ഇതിനായി Spiritual Guidance പ്രയോജനപ്പെടും.

ദൈവം നൽകുന്ന പ്രചോദനങ്ങളോട് സഹകരിക്കണം. ഒരിക്കൽ വെളിപ്പെട്ടു കിട്ടിയാൽ വേറൊന്നും നോക്കാതെ ആ വഴിയെ പോവുക. അതാണ് ദൈവത്തിന്റെ വഴി ഓരോ നി മിഷവും നമ്മെ പാലിച്ചു കൊണ്ട് ദൈവം കൂടെയുണ്ടാകും. അടുത്ത് നിൽക്കുന്നവർ പോലും വിമർശിക്കും, തള്ളി പ്പറയും, ഒറ്റപ്പെട്ടു എന്ന് തോന്നും. ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട് എന്ന് പറഞ്ഞവൻ വഴികാട്ടും. എന്റെ ജീവിതത്തിൽ തന്നെ ഒരുപാട് ഉദാഹരണങ്ങൾ ഉണ്ട്. ദൈവം ഓരോരുത്തരോടും കരുണയും കരുതലും നന്മയും കാണിക്കാൻ ആഗ്രഹിക്കുമ്പോൾ അതിനോട് സഹകരിക്കാതെ മുഖം തിരിക്കുകയും ഒളിച്ചോടുകയും ചെയ്യുമ്പോൾ ദൈവം അത് മറ്റൊരാൾക്ക് നൽകുന്നു. കാരണം അത് സംഭവിക്കേണ്ടത് ദൈവത്തിന്റെ തീരുമാ നമാണ് നീയത് ചെയ്തില്ലെങ്കിൽ ദൈവം മറ്റൊരാളിലൂടെ അത് ചെയ്യും. നാമൊക്കെ ദൈവത്തിന്റെ കയ്യിലെ ഉപ കരണങ്ങൾ മാത്രം. ഒരുപാട് സഹനങ്ങൾ ഉണ്ടാകും ആ സഹനങ്ങളിലൂടെയെ ഫലമുണ്ടാകൂ. ഒന്നും ചെയ്യാതെ, ഒരു വിളിക്കും മറുപടി പറയാതെ നമ്മുടെ സുഖം മാ ത്രം അന്വേഷിച്ചിരുന്നാൽ ഈ ലോകത്ത് ഒരു നന്മയും സംഭവിക്കില്ല.

**ലോകത്തിലുള്ള പല സാഹിത്യകാരന്മാരെയും പ്രചോദിപ്പിച്ച ഒന്നാണ് ഗത്സെമെനിലെ ഈശോയുടെ പ്രാർത്ഥന. എല്ലാവരാലും തള്ളിപ്പറയും എന്നറിഞ്ഞ് വരാനിരിക്കുന്ന പീഡകളെയും കുരിശു മരണത്തെയും ഓർത്ത് വിങ്ങുന്ന, രക്തം വിയർക്കുന്ന ഏകാന്തനായ ക്രിസ്തു. ദൈവത്തിന്റെ വഴിയെ സഞ്ചരിക്കുമ്പോൾ ഇങ്ങിനെ ഏകാന്തതയും ഒറ്റപ്പെടലും തോന്നുമ്പോൾ എന്തിലാണ് ആശ്രയിക്കുന്നത്, തരണം ചെയ്യുന്നത്?**

എപ്പോഴും ഓർമ്മയിൽ സൂക്ഷിക്കേണ്ട ഒന്ന് ദൈവമാണ് ഇതിലേയ്ക്ക് നമ്മെ വിളിച്ചത് എന്നതാണ്, നാട്ടുകാരല്ല. ദൈവഹിതം നിറവേറ്റുക എന്നതാണ് എന്റെ ദൗത്യം. ആരെതിർത്താലും ഒറ്റപ്പെടുത്തിയാലും മനുഷ്യരെ പ്രസാദിപ്പിക്കാനല്ല ദൈവം ആവശ്യപ്പെട്ടത് ചെയ്യാനാണ് ഞാൻ വന്നിരിക്കുന്നത് എന്ന ബോധ്യം വേണം. ആ ബോധ്യത്തിനു വേണ്ടത്:

1. തീവ്രമായ, വ്യക്തിപരമായ പ്രാർഥന. വിശുദ്ധ കുർബാനയ്ക്ക് മുൻപിൽ സ്വയം സമർപ്പിച്ചുള്ള പ്രാർത്ഥന.
2. ദൈവ വചനം. ദൈവം എന്താണ് ആഗ്രഹിക്കുന്നത് എന്ന് മനസ്സിലാക്കാൻ വീണ്ടും വീണ്ടും ബൈബിളിലൂടെ കടന്നു പോകുക.
3. എവിടെയെങ്കിലും പാളിച്ച പറ്റിയിട്ടുണ്ടെങ്കിൽ കുമ്പസാരത്തിലൂടെ സ്വയം വീണ്ടെടുക്കുക.
4. വിശുദ്ധ കുർബാന യോഗ്യതയോടെ സ്വീകരിക്കുക. അതിലൂടെ ശക്തി സംഭരിക്കുക.
5. മാതാവിൽ ആശ്രയിക്കുക.
6. പേരിന്റെ പുണ്യവാന്റെയും, കാവൽ മാലാഖമാരുടെയും സഹായം നേടുക. നമ്മുടെ ദൗത്യ നിർവഹണത്തിന് സഹായിക്കാൻ ദൈവം നൽകിയിരിക്കുന്നവരാണവർ.

മാതാവാണ് ദൈവഹിതത്തിനു സ്വയം സമർപ്പിക്കുന്നതിൽ നമ്മുടെ മുൻപിലെ ഏറ്റവും ശക്തമായ മാതൃക. വിവാഹത്തിനു മുൻപേ ഗർഭിണിയായ സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലാനുള്ള നിയമം ശക്തമായി നിൽക്കുന്ന ഒരിടത്ത് ദൈവഹിതത്തിനു ആമേൻ പറഞ്ഞ ധീര വനിത. ഇതാണ് ദൈവഹിതം മറ്റൊന്നും എനിക്ക് പ്രശ്നമില്ല, ഇതാ കർത്താവിന്റെ ദാസി എന്ന് പറഞ്ഞ പരിശുദ്ധ അമ്മയുടെ മാതൃകയും മാധ്യസ്ഥവും നമ്മെ സഹായിക്കും.

**ദൈവത്തോട് അടുത്തു നിൽക്കുക എന്ന ആഗ്രഹത്തിലാണ് ഓരോരുത്തരും പൗരോഹിത്യ ജീവിതത്തിലേയ്ക്ക് വരുന്നത്. അവിടെ നിന്നും Church Adminitsration, Governance എന്നിവയിലേയ്ക്ക് വരുമ്പോൾ അതെങ്ങിനെ ഉൾക്കൊള്ളുന്നു. ആത്മീയ ജീവിതത്തിൽ അതിന്റെ പ്രാധാന്യം?**

ഏതാണ് ആത്മീയത (spiritual) ഇതാണ് ഭൗതികത (material) എന്നത് വലിയൊരു കുഴയ്ക്കുന്ന, അപകടം പിടിച്ച പ്രശ്നമാണ്. വെള്ളം കേറാത്ത അറകളിലാക്കി നമുക്കവയെ നിർത്താനാവില്ല. ദൈവഹിതം നിറവേറ്റാൻ ചെയ്യുന്ന ഓരോ ഭൗതിക കാര്യങ്ങളും ആത്മീയമാണ്. ഞാൻ പ്രാർഥിക്കാൻ പോയിരുന്നിട്ട് മറ്റുള്ളവന്റെ കുറ്റം ആലോചിച്ചിരുന്നാൽ അത് ആത്മീയതയാവില്ല. അവസാന കണക്കെടുപ്പിൽ ദൈവം ചോദിക്കുക നീയെത്ര കുർബാന കണ്ടു, എത്ര തിരി കത്തിച്ചു, എത്ര ധ്യാനം കൂടി, എത്ര വലിയ ഫ്ലാറ്റ് പണിതു എന്നതൊന്നുമല്ല. ഞാൻ രോഗിയായിരുന്നു, നഗ്നനായിരുന്നു, തടവിലായിരുന്നു, വിശന്നലയുകയായിരുന്നു, പക്ഷെ നീയെനിക്ക് എന്ത് ചെയ്തു എന്ന് മാത്രമാവും. ഇത് ചെയ്യാൻ വേണ്ടിയിട്ടാണ് ഞാൻ കുർബാനയും ധ്യാനവും കൂടിയത്, ഞാൻ പ്രാർത്ഥിച്ചത്. പക്ഷെ ചെയ്യേണ്ടത് ചെയ്തില്ലെങ്കിൽ പിന്നെ ഈ ആത്മീയ ആചാരങ്ങൾ വെറും കെട്ട് കാഴ്ചകളായി പോകും. അതാണ് പലപ്പോഴും സംഭവിക്കുന്നത്. അതാണ് ഈശോ പറഞ്ഞത് 'കർത്താവേ കർത്താവേ എന്ന് വിളിക്കുന്നവനല്ല എന്റെ ഹിതം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക'എന്ന്. ദൈവം ആവശ്യപ്പെട്ടത് അഡ്മിനിസ്ട്രഷൻ ആണോ അത് സ്പിരിച്വൽ ആണ്. ദൈവം ആവശ്യപ്പെട്ടത് കെട്ടിടം പണി ആണോ അത് സ്പിരിച്വൽ ആണ്. One who is guided by the Spirit of God is spiritual. When one is properly guided by the Spirit of God whatever he does becomes spiritual. ദൈവഹിതം തിരിച്ചറിയാനും അത് നിറവേറ്റുവാനുള്ള ശക്തി സംഭരിക്കുവാനുമുള്ള ഘടകങ്ങൾ (accessories) മാത്രമാണ് പ്രാർഥനയും ധ്യാനവുമൊക്കെ. പക്ഷെ നമ്മൾ ആ accessories മാത്രമാണ് ആത്മീയത എന്ന് ധരിക്കുന്നിടത്താണ് കുഴപ്പം.

**ഒരു സന്യാസിയെന്ന നിലയിൽ നേരിട്ട അല്ലെങ്കിൽ നേരിട്ട് കൊണ്ടിരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി?**

ഒരു കാര്യം ദൈവഹിതമാണോ അല്ലയോ എന്ന് വേർതിരിച്ചറിയുക എന്നത് തന്നെയാണ് എന്റെ വൈദിക ജീവിതത്തിലെ എന്നത്തെയും ഏറ്റവും വലിയ വെല്ലുവിളി. പലപ്പോഴും മാനുഷികതയിലാണ് എല്ലാവരും എപ്പോഴും നമ്മെ പ്രചോദിപ്പിച്ചു കൊണ്ടിരിക്കുന്നത്. നമുക്ക് അത് ചെയ്യണം, ഇത് ചെയ്യണം, ഇങ്ങനെ ചെയ്താൽ ഇടവകയ്ക്ക് പേരുണ്ടാകും പെരുമയുണ്ടാകും എന്നിങ്ങനെ. പക്ഷെ ദൈവം അതാണോ ആഗ്രഹിക്കുന്നത് എന്ന് തിരിച്ചറിഞ്ഞു തീരുമാനം എടുക്കുക എന്നത് എപ്പോഴും വെല്ലുവിളിയാണ്. ദീർഘമായ പ്രാർഥനയും, ആത്മീയ ഉപദേശവും കാത്തിരിപ്പും, വിവേകവും വേണ്ടൊരു കാര്യമാണത്.

പലപ്പോഴും എനിക്ക് പാളിപ്പോയിരിക്കുന്നതും അതിൽ

തന്നെയാണ്. ദൈവഹിതമല്ലാത്തതിനു ശരി മൂളേണ്ടി വന്നിട്ടുണ്ട് . പലതരം സമ്മർദ്ദങ്ങൾ കൊണ്ടും പലരെയും മുഷിപ്പിക്കാനുള്ള മടികൊണ്ടും സംഭവിച്ചു പോയതാണത്. പിന്നീടാണ് മനസ്സിലാകുക അത് ദൈവഹിതമല്ല എന്ന്. ലോകത്തെ പേടിച്ചു കൊണ്ട്, ഒറ്റപ്പെടാനുള്ള ഭയം കൊണ്ട് ദൈവഹിതം നമ്മൾ സൌകര്യപൂർവ്വം മാറ്റി നിർത്തും ചിലപ്പോൾ. That is one of the most painful things.

**സന്യാസ ജീവിതത്തിൽ ഏറ്റവും സന്തോഷം തോന്നിയത്?**

ഇപ്പോൾ പറഞ്ഞതിന്റെ നേരെ മറുവശം. എപ്പോളൊക്കെ ദൈവഹിതം പരിപൂർണ്ണ ബോധ്യത്തോടും സന്തോഷത്തോടും ധീരതയോടും ചെയ്യാനായിട്ടുണ്ടോ അതൊക്കെയും സന്തോഷവും സംതൃപ്തിയും തോന്നിയ നിമിഷങ്ങളാണ്. തിരിഞ്ഞു നോക്കുമ്പോൾ പലപ്പോളും ഒറ്റപ്പെട്ടുപോയിട്ടുണ്ട്, കുറ്റം വിധിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ അതായിരുന്നു ദൈവത്തിന്റെ തീരുമാനവും ആഗ്രവുമെന്നു കാലം തെളിയിച്ചു.

**ദൈവവിളിക്കായി കാത്തിരിക്കുന്ന കുഞ്ഞുങ്ങളോട് പറയാനുള്ളത്?**

ഈ കാലഘട്ടത്തിൽ ദൈവം തന്റെ ദൗത്യ നിർവഹണത്തിന് ആവശ്യത്തിനുള്ള ആളുകളെ വിളിക്കുന്നുണ്ട്. ദൈവവിളി കുറവാണ് എന്ന് പറയുന്നതിനോട് എനിക്ക് യോജിക്കാനാവില്ല. വിശ്വസ്തനായ ദൈവം തന്റെ ദൗത്യത്തിനും സഭയ്ക്കും ആവശ്യത്തിനുള്ള ആളുകൾക്ക് ഇപ്പോഴും പ്രചോദനം കൊടുക്കുന്നുണ്ട്. ഈ പ്രചോദനം സ്വീകരിക്കാൻ പലരും വിസമ്മതിക്കുന്നു. മാതാപിതാക്കൾ അടക്കം അത് വേണ്ട എന്ന് പറയുന്നു.

ദൈവത്തിന്റെ നിയോഗത്തിന് വേണ്ടിയിട്ടാണ് കുഞ്ഞുങ്ങളെ തന്നിരിക്കുന്നത്. കുഞ്ഞുങ്ങളുടെ സൂക്ഷിപ്പുകാർ മാത്രമാണ് മാതാപിതാക്കൾ, ഉടമകളല്ല. ഉടമ ദൈവമാണ്. ഉടമ പറയുകയാണ് ഇവനെ ഞാൻ വിളിച്ചിരിക്കുന്നത് എന്റെ വേലയ്ക്കായിട്ടാണെന്ന്. അപ്പോൾ അത് പറ്റില്ല എന്ന് സൂക്ഷിപ്പുകാരൻ പറയുന്നതിലെ സാംഗത്യമെന്ത്?

പിന്നെ ദൈവം വിളിക്കാതെ കുറേപ്പേർ കയറി വരുന്നുണ്ട്. അവർ വന്നിരിക്കുന്നത് ഭൗതികമായ ആകർഷണങ്ങൾ കണ്ടിട്ടാണ് അല്ലെങ്കിൽ മറ്റെന്തിൽനിന്നും ഓടിയോളിച്ചിട്ട്. ഈ വിളിയോട് സന്തോഷത്തോടും ബോധ്യത്തോടും പ്രതികരിക്കുമ്പോൾ മാത്രമേ നിലവാരമുള്ള വൈദികരുണ്ടാകൂ. അവരാണ് ഫ്രാൻസിസ് അസീസിമാരും മദർ തെരേസമാരും ആകുന്നത്. ഒരു ഫ്രാൻസിസ് അസീസിയും ഒരു മദർ തെരേസയും മതി ലോകം മുഴുവൻ മാറ്റാൻ, അനേകരെ പ്രചോദിപ്പിക്കാൻ. അങ്ങിനെയുള്ള തിരിച്ചറിവോടെ സമർപ്പണത്തോടെ വേണം ഇതിലേയ്ക്ക് വരാൻ, ദൈവത്തിന്റെ സ്നേഹത്തിന്റെയും കരുണയുടെയും ഉപകരണങ്ങൾ ആകുവാൻ. അവരിലൂടെയാണ് ലോകത്തിൽ സ്നേഹത്തിന്റെ അത്ഭുതങ്ങൾ നടക്കുക.

ഇന്നത്തെ സമൂഹത്തോട് ദയവു ചെയ്ത് ഇത് ചെയ്യൂ എന്ന് പറയുന്ന ഒരു കാര്യം...

ലോകമെങ്ങും ഐക്യമില്ലായ്മ ഒരു പൈശാചികതയായി പടർന്നുകൊണ്ടിരിക്കുകയാണ്. ക്രിസ്തു വന്നിരിക്കുന്നത് ഐക്യപ്പെടുത്താനും സ്നേഹത്തിൽ ഒന്നിപ്പിക്കാനുമാണ്. പിശാചാകട്ടെ വിഭജിക്കുകയും തമ്മിലടിപ്പിക്കാനുമാണ്. എവിടൊക്കെ, അത് കുടുംബത്തിലാകട്ടെ, കൊച്ചു സമൂഹങ്ങളിലാകട്ടെ, രാജ്യങ്ങളുടെ ഇടയിലാകട്ടെ, ഐക്യമില്ലായ്മ ഉടലെടുക്കുന്നുവോ അവിടെയൊക്കെ പൈശാചികതയുടെ വിളനിലങ്ങളാകുന്നു. അതിനാൽ നാം എപ്പോളും സ്നേഹത്തിൽ ഒന്നാകുവാനും ഒന്നിപ്പിക്കുവാനും ശ്രമിച്ചുകൊണ്ടിരിക്കണം. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകും. ബൗദ്ധികമായ തർക്കങ്ങളിൽ ഏർപ്പെടാം. അത് വളർച്ചയുടെയും ആത്യന്തികമായ നന്മയിൽ എത്തിചേരേണ്ടതിന്റെയും മാർഗ്ഗമാണ്. അതിനെ വെറുപ്പിലേയ്ക്കും പകയിലേയ്ക്കും വൈരാഗ്യത്തിലെയ്ക്കും നയിക്കുന്നതാണ് ലോകം ഇത്രമേൽ കരുണാരഹിതമാകുന്നതിന്റെ കാരണം.

ഒരു യുദ്ധവും ഒരിക്കലും ആരെയും വിജയിപ്പിച്ചിട്ടില്ല, വിജയിപ്പിക്കുകയുമില്ല. ഇരു കൂട്ടരും പരാജയത്തിലാണ്. നാശങ്ങളുടെയും, നഷ്ടങ്ങളുടെയും തുലാസിലെ ഏറ്റക്കുറച്ചിലുകൾ നോക്കി നാമവരെ വിജയികളും പരാജിതരും എന്ന് മുദ്ര കുത്തുന്നു. അതുകൊണ്ട് വിഭാഗീയതയിലെയ്ക്കും, വിദ്വേഷത്തിലെയ്ക്കും നയിക്കുന്ന കാര്യങ്ങളിൽ നിന്നുമകന്നു നിന്ന് സമാധാനത്തിന്റെ വക്താക്കളാവുക.

**തിരുപ്പട്ടം സ്വീകരിച്ച് ആദ്യമായി കുർബ്ബാന ചൊല്ലിയപ്പോൾ മനസ്സിലുണ്ടായിരുന്ന പ്രാർത്ഥന എന്തായിരുന്നു?**

വിശുദ്ധിയുള്ള ഒരു വൈദികനാക്കി എന്നെ മാറ്റേണമേ, അവിടുത്തെ തിരുവിഷ്ടം നിറവേറ്റാൻ എന്നെ സഹായിക്കേണമേ എന്നതായിരുന്നു അന്ന് ഞാൻ പ്രധാനമായും പ്രാർത്ഥിച്ചത്. പിന്നെ സ്വാഭാവികമായും എന്റെ കുടുംബത്തിനും എന്നെ ദൈവത്തിലെയ്ക്ക് നയിച്ച മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും ഗുരുക്കന്മാർക്കും വേണ്ടി.

ആ പ്രാർത്ഥന കഴിഞ്ഞിട്ടിപ്പോൾ 25 വർഷങ്ങൾ ആയിരിക്കുന്നു. സ്വന്തം ജീവിതത്തിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ... ഞാൻ തന്നൊരു ജീവിതം കൊണ്ട് നീ

എന്ത് ചെയ്തു എന്ന് ദൈവം ചോദിക്കുമ്പോൾ...

തമ്പുരാനെ ഞാൻ എന്നാൽ ആവും വിധം ശ്രമിക്കുകയാണ്. നൂറു ശതമാനം ഞാൻ ശ്രമിച്ചെന്നല്ല, എങ്കിലും. ഞാൻ ഒരുപാട് struggle ചെയ്തു. പലപ്പോഴും തീരുമാനങ്ങൾ മാനുഷികമായ പരിമിതികൾ മൂലം പലരെയും പ്രസാദിപ്പിക്കാനും, മുഷിപ്പിക്കാതെയിരിക്കാനും ആയിപ്പോയി. അതായിരുന്നില്ല അവിടുത്തെ ഇഷ്ടം. പരിശുദ്ധ അമ്മയുടെ തന്റേടവും, ധൈര്യവും, വിവേകവും ഒന്നും പലപ്പോഴും പലയിടത്തും പ്രയോഗിക്കാൻ പറ്റാതെ പോയിട്ടുണ്ട്. അതിനുവേണ്ടി ഞാൻ ഇപ്പോഴും പ്രാർത്ഥിക്കുകയാണ്. മറ്റുള്ളവർ തെറ്റിദ്ധരിക്കരുത് എന്ന ചിന്ത കൊണ്ട് ദൈവം ആഗ്രഹിക്കുന്ന ധീരമായ തീരുമാനങ്ങൾ എടുക്കാൻ പറ്റാതെ പോയിട്ടുണ്ട്. ഇനിയുള്ള കാലം കൂടുതൽ ദൈവേഷ്ടങ്ങളോട് സമ്പൂർണ്ണമായി സമർപ്പിച്ചു ജീവിക്കാൻ ശ്രമിച്ചു കൊള്ളാം. അതിനുള്ള കൃപയും അനുഗ്രഹവും നീ തരിക.

***ദൈവഹിതം തേടിയുള്ള ഇടയന്റെ സഞ്ചാരങ്ങൾ അനുസ്യൂതം തുടരട്ടെ. ആ അന്വേഷണമത്രയും ബാഹ്യ പ്രകൃതിയിലൂടെയല്ല ആത്മാവിന്റെ ഋതുഭേദങ്ങളിലൂടെയാണ്. ഓരോ ഋതുവും പുതിയ നന്മകൾ കൊണ്ടുവരട്ടെ. സമകാലിക ജീവിതത്തിലെ അപസ്വരങ്ങളും പ്രലോഭനങ്ങളുമൊന്നും ഈ യാത്രയെ വിഘ്നപ്പെടുത്താതിരിക്കട്ടെ.*** ■

# ജപമാല റാണി

**മാത്യു അബ്രാഹം, എസ്സ് . എച്ച് വാർഡ്.**

ജപമാല റാണി, മിശിഹാതൻ മാതാവേ,
പാപഭാരമേറ്റ യേശുവിൻ മാതാവെ,
പാപത്തിൽ മുങ്ങിയ മാനവ രക്ഷയ്ക്കായി
ദീപമാം യേശുവെ പേറി ഉദരെ നീ!!

മാനവ രക്ഷതൻ തോളിലേറ്റാൻ വന്ന,
ദാനത്തിൻ മേന്മ ചൊന്നേശുവിൻ മാതേ നീ;
ആനയിച്ചില്ലെയീ ഭൂവിന്റെ സൃഷ്ടാവെ,
താനറിയാത്തത്ര പീഢ സഹിച്ചു നീ!!

ഓമനപ്പുത്രനെ പാലിച്ചു ശ്രേഷ്ഠമായി,
ഭൂമിയിൽ പാലകനേശുവിൻ നന്മയ്ക്കായി;
നാമം ധരിച്ചവളമ്മയായ് ദൈവത്തിൽ!
ഭൂമിയിൽ തന്നത്ര ഭാഗ്യരുണ്ടാകുമോ!!

അമ്മ മരിച്ചു സ്വർഗ്ഗത്തിലേറ്റപ്പെടാൻ,
ചെമ്മെ മാലാഖമാർ ദേഹം വഹിച്ചല്ലോ;
നമ്മുടെ രക്ഷകനേശുവിൻ താതനൊ
അമ്മയെ സ്വർഗ്ഗത്തിൻ റാണിയാക്കീടുന്നു!!

പുത്രനാമേശുവിന്നീലോക ജീവിതം
തത്രവിസ്താരമായാചരിയ്ക്കാൻ ലോകർ;
മാത്രപോലും കളയാതവർ യേശുവിൻ,
മിത്രങ്ങളായി ജപമാലയിൽ കൂടി!!!

തുർക്കിയിൽ പട്ടാളം ലെപ്പാന്റെയുദ്ധം
ആക്രമിച്ചെങ്കിലും മാതാവിൻ ഭക്തിയാൽ,
ആക്കത്തോടെ ജപമാല ചൊല്ലി പാപ്പ,
തക്കമെന്യേ തോൽപ്പിച്ചോടിച്ചു തുർക്കിയെ!!

അന്നതോക്ടോബറെട്ടാം തിയതി തന്നെ,
ആ നാൾ ജപമാല തന്നുത്സവമാക്കി;
എന്നുമാഘോഷിക്കുവാൻ തീരുമാനിച്ചു;
അന്നുതുടങ്ങി ജപമാല മാസവും!!

മാതാവാമ്മയാ, ലൂർദ്ദിൻ മകൾ ബെർണ്ണ-
ദീത്താ വെറും പതിനാലുകാരിയവൾ -
പ്രത്യക്ഷപ്പെട്ടു പറഞ്ഞു ജപമാല,
പ്രാർത്ഥിക്കണം മുറതെറ്റാതെയീ ധരാ!!

ഫാത്തിമായെന്ന സ്ഥലത്തു നിന്നും മൂന്നു
മുത്തു മണിക്കുട്ടികൾക്കവൾ കാട്ടിക്കൊ -
ടുത്തു ജപമാല; ചൊല്ലി പ്രാർത്ഥിക്കണം-
ഒത്തു ചേർന്നെല്ലാരും; വീട്ടാരും, നാട്ടാരും!!

ധാരാ ബംഗാൽ എന്ന ഗ്രാമത്തിൽ നിന്നുള്ള,
പാരമ്പര്യം മുറുകെ പ്പിടിച്ചീടുന്ന,
താരാകുമാരികൾ നാലുപേർ മുന്നിലായി,
പാരിന്റെ അമ്മവന്നോതി, പ്രാർത്ഥിക്കുവിൻ!!

കൊന്ത തൻമാതാവെ, ഞങ്ങൾ ജപിക്കുമ്പോൾ,
പെന്തക്കുസ്താദിനത്തിന്റെയനുഭവം,
ചിന്തയിൽ; റൂഹായും, അമ്മയും വന്നൊപ്പം,
ചന്തത്തിൽ ഞങ്ങളെ ആശീർവദിക്കണെ!!

പരിശുദ്ധ അമ്മെ ജപമാല റാണിയെ,
പാരിന്റെ ദാതാവാം യേശുവിൻ മാതാവെ,
കാരുണ്യം കാട്ടണെ ലോകവാസികളിൽ;
കാരുണ്യ വർഷത്തിൽ സ്വർഗ്ഗരാക്കണെ!

# ജപമാലയിലെ ജയഗീതം

**സി. ജോസി മരിയ എഫ്.സി.സി.**
അൽഫോൻസാ ഭവൻ



ഉൽപത്തി 24.60 ൽ നാം ഇപ്രകാരം വായിക്കുന്നു, ''നീ ആയിരങ്ങളുടെടും പതിനായിരങ്ങളുടെയും അമ്മയായി തീരുക. അതെ, പനിനീർപൂവിന്റെ കാന്തിയും, ഉഷസ്സിന്റെ ശോഭയും, ചന്ദ്രികയുടെ സൌമ്യതയും, മുത്തുമണിയുടെ അമൂല്യതയും, സൂര്യന്റെ ദീപ്തിയും അലിഞ്ഞുചേർന്ന വിശുദ്ധിയുടെ നിറകുടമാണ് പരി. കന്യകാമറിയം. വി. ഹെസക്കിയാസിന്റെ അഭിപ്രായത്തിൽ ''ക്രിസ്തു സൂര്യനാണെങ്കിൽ മറിയം പ്രകാശമാണ്. ക്രിസ്തു മുത്താണെങ്കിൽ മറിയം കിരീടമാണ്. ക്രിസ്തു പുഷ്പമാണെങ്കിൽ മറിയം തായ്ത്തടിയാണ്''. ഈ തായ്ത്തടിയോടൊപ്പം ജപമാലയിലൂടെ യാത്രചെയ്യുന്ന പൊൻദിനങ്ങളാണ് ഒക്ടോബർ മാസം.



ആദിമ സന്യാസ സമൂഹങ്ങളിലെ പ്രാർത്ഥനകൾ ബൈബിളിലെ 150 സങ്കീർത്തനങ്ങളെ ആസ്പദമാക്കിയിട്ടുള്ളവയായിരുന്നു. എന്നാൽ, എഴുത്തും, വായനയും അറിവില്ലാത്തവർ ഈ സങ്കീർത്തനങ്ങളുടെ സ്ഥാനത്ത് 150 സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ചൊല്ലുവാൻ തുടങ്ങി. മരിച്ചവർക്കുവേണ്ടിയും മറ്റ് പ്രത്യേക നിയോഗങ്ങൾക്കുവേണ്ടിയും വൈദികഗണത്തിൽ പെടാത്തവർ ഇത്തരം പ്രാർത്ഥനകളാണ് ചൊല്ലികാഴ്ചവച്ചിരുന്നത്. ഇതു കൃത്യമായി ചെയ്യാൻ സഹായകരമായി മുത്തുകൾ പണ്ടുകാലം മുതലെ മനുഷ്യർ ഉപയോഗിച്ചിരുന്നു. വിവിധ മതവിശ്വാസികൾ തങ്ങളുടെ പ്രാർത്ഥനകൾ എണ്ണുന്നതിന് നീളമുള്ള ചരടിൽ മണികളോ, കല്ലുകളോ, സ്ഫടിക കഷണങ്ങളോ കോർത്ത് ഉപയോഗിച്ചിരുന്നു. അങ്ങനെ 'കൊന്താരേ' അതായത് എണ്ണുക എന്ന പോർച്ചുഗീസ് പദത്തിൽനിന്നുമാണ് കൊന്ത എന്ന വാക്കുണ്ടായത്.

വി. ഡോമിനിക്ക് ആന്റിജെൻസിയൻ പാഷണ്ഡത വരുത്തിവച്ച നാശം നേരിൽ കണ്ടു. പാഷണ്ഡികളുടെ മാനസാന്തരത്തിനും, വിശ്വാസ സംരക്ഷണത്തിനുമായി മണിക്കൂറുകൾ വിശുദ്ധൻ ചിലവഴിച്ചിരുന്നു, 1208ൽ പ്രൗവില്ലേ എന്ന സ്ഥലത്തുള്ള മാതൃദേവാലയത്തിൽ മുട്ടുകുത്തി തിരുസഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ മാതാവ് പ്രത്യക്ഷപ്പെട്ട് ഒരു ജപമാല ചൊല്ലികൊണ്ട് പ്രാർത്ഥിക്കാൻ ഡോമിനിക്കിനോട് ആവശ്യപ്പെട്ടു, തുടർന്ന് പറഞ്ഞു. ഒരു ദിനം ജപമാലയിലൂടെയും വെന്തിങ്ങയിലൂടെയും ഞാൻ ലോകത്തെ രക്ഷിക്കും. പരി. അമ്മതന്നെയാണ് വി. ഡോമിനിക്കിനെ ജപമാല രഹസ്യങ്ങൾ പഠിപ്പിച്ചത്. 1843ൽ മാതാവിന്റെ സങ്കീർത്തനങ്ങൾ എന്ന പേരിൽ ഒരു പുസ്തകം ഡൊമിനിക്കൻ സന്യാസിമാരിൽ ഒരാൾ പ്രസിദ്ധീകരിച്ചു. അതിൽ 15 രക്ഷാകര രഹസ്യങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു. 1568 ൽ പീയൂസ് അഞ്ചാമൻ മാർപ്പാപ്പയാണ് ഇന്നു നാം ഉപയോഗിക്കുന്ന വിധത്തിലുള്ള ജപമാലക്ക് രൂപം നൽകിയത്. 2002-2003 ജപമാല വർഷമായി പ്രഖ്യാപിച്ച ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ 'റൊസാരിയും വിർജിനിസ് മരിയേ' എന്ന അപ്പസ്തോലിക ലേഖനം വഴി ജപമാലയിൽ പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂട്ടിചേർത്തു.പതിനാറാം നൂറ്റാണ്ടിൽ തുർക്കികളുമായുള്ള കുരിശുയുദ്ധത്തിൽ വിജയംവരിച്ചതിന്റെ വാർഷികദിനമായ ഒക്ടോബർ 7 ജപമാല രാജ്ഞിയുടെ തിരുനാളായി തിരുസഭാ മാതാവ് കൊണ്ടാടുന്നു.

തിരുസഭാ ചരിത്രം പരിശോധിച്ചാൽ നാം തിരിച്ചറിയുന്ന ഒരു സത്യമുണ്ട്. സഭയെ ഇന്നുവരെ നയിച്ച എല്ലാ പരിശുദ്ധ പിതാക്കൻമാരും, ഇന്നുവരെ ലോകംകണ്ട എല്ലാ വിശുദ്ധരും ജപമാല ഭക്തരും ജപമാല ഭക്തി പ്രചരിപ്പിച്ചിരുന്നവരുമാണ്. ഈ നൂറ്റാണ്ടിൽ വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ട വി. ജോൺപോൾ രണ്ടാമൻ പാപ്പായുടെ വാക്കുകളിൽ 'മറിയത്തിന്റെ മാധ്യസ്ഥ്യം യേശുവിന്റെ മാദ്ധ്യസ്ഥ്യത്തിൽ നിലനിൽക്കും. ജപമാല

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥനയാണ്. അതിൽ മേരിയോട് ചേർന്ന് ദിവ്യരഹസ്യങ്ങളെക്കുറിച്ച് നാം ധ്യാനിക്കുന്നു. അത് അവിടുത്തെ മാദ്ധ്യസ്ഥ്യത്തോട് പൂർണ്ണമായും ആശ്രയിച്ചുനിൽക്കുന്നു.'

ജപമാല ഒരു സുവിശേഷധ്യാനമാണ്. ക്രിസ്തു രഹസ്യത്തിൽ ലയിക്കുന്ന ധ്യാനംതന്നെയായ ജപമാല ജീവിതകാലത്ത് സമൃദ്ധമായ കൃപയും മരണസമയത്ത് സമാധാനവും, നിത്യതയിൽ മഹത്വവും പ്രദാനം ചെയ്യും. ജപമാലയുടെ ക്രൂശിത രൂപത്തിൽ പിടിച്ച് ചൊല്ലുന്ന വിശ്വാസപ്രമാണം ക്രിസ്തീയ സത്യങ്ങളുടെ വിശുദ്ധ സംഗ്രഹമാണ്. ഗബ്രിയേൽ മാലാഖയും വി. എലിസബത്തും മറിയത്തോടു പറഞ്ഞ വാക്കുകളിൽനിന്നും രൂപംകൊണ്ടിട്ടുള്ള നന്മനിറഞ്ഞ മറിയത്തിന്റെ ആദ്യഭാഗം നസ്രത്തിലെ കന്യകയിൽ പൂർത്തിയായ ദിവ്യരഹസ്യത്തിന്റെ ആരാധനാത്മകമായ മനനമാണ്. നന്മനിറഞ്ഞ മറിയത്തിന്റെ ആവർത്തനം ദൈവത്തിന്റെ വിസ്മയത്തിലും സന്തോഷത്തിലും നമ്മെ പങ്കാളികളാക്കുന്നു. ''എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും'' (ലൂക്കാ 1.48) എന്ന പരി. അമ്മയുടെ സ്തോത്രഗീതം ഓരോ നന്മനിറഞ്ഞ മറിയം ജപം ചൊല്ലുമ്പോഴും നാം പൂർത്തികരിച്ചുകൊണ്ടിരിക്കുന്നു. ജപമാലയിൽ മിശിഹായുടെ ജീവിതരഹസ്യങ്ങൾ മനസ്സിൽ ധ്യാനിക്കുന്നു. ഈശോയുടെയും പരി. അമ്മയുടെയും സാന്നിദ്ധ്യം ആത്മാവിൽ അനുഭവിച്ച് അധരങ്ങളിലൂടെ ഈ സത്യം ഏറ്റുപറയുന്നു. ഓരോ ദശകത്തിന്റെയും അന്ത്യത്തിലുള്ള ത്രിത്വസ്തുതി എല്ലാ ക്രൈസ്തവ ധ്യാനത്തിന്റെയും ലക്ഷ്യമായ ത്രിത്വൈക ദൈവവുമായി നമ്മെ ഒന്നിപ്പിക്കുന്നു. ഓ എന്റെ ഈശോയെ... എന്ന പ്രാർത്ഥനയിൽ പാപങ്ങൾ ക്ഷമിച്ച് നരകാഗ്നിയിൽനിന്ന് രക്ഷിക്കപ്പെടാനും ശുദ്ധീകരണാത്മാക്കൾക്ക് പെട്ടെന്ന് സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കാനുള്ള കൃപയ്ക്കായും പ്രാർത്ഥിക്കുന്നു.

''ജപമാല ദൈവജനനിയുടെ ദിവ്യശിരസ്സിൽ വയ്ക്കുന്ന ഒരു കനക കിരീടമാകുന്നു. അത് ക്രിസ്തീയ ഭക്തിയുടെ കുസുമവും, സ്വർഗ്ഗീയ മാനങ്ങളുടെ വറ്റാത്ത ഉറവയുമാകുന്നു'' (പതിനഞ്ചാം ബനഡിക്ട് മാർപ്പാപ്പ). ദൈവത്തിന്റെ ഏറ്റവും പ്രിയപ്പെട്ട സൃഷ്ടിയായ പരി. അമ്മ നമ്മുടെ സന്തത സഹചാരിയായി മാറണം. സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളും സർവ്വ പുണ്യങ്ങളുടെയും രാജ്ഞിയുമായ പരി. അമ്മയുടെ മാധ്യസ്ഥ്യം തേടി ഒക്ടോബർ മാസത്തിൽ കൈക്കുമ്പിളിലെ ജപമണികളെ പ്രാർത്ഥനാ മലരുകളാക്കി മാറ്റുവാൻ കൊന്തനമസ്കാരത്തിലും കുടുംബപ്രാർത്ഥനകളിലും സമൂഹ പ്രാർത്ഥനകളിലും പങ്കുചേർന്ന് ഒക്ടോബറിന്റെ ഒളിമങ്ങാതെ ഓർമ്മയിൽ സൂക്ഷിക്കുവാൻ ശ്രമിക്കാം ■

## ഉദിഷ്ഠകാര്യം സാധിച്ചതിന് ഉപകാരസ്മരണ താമസിച്ചതിന് ക്ഷമാപണം



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും, ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ! അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞാൻ ഓർക്കുമെന്നും അങ്ങയുടെ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

**Mary Joseph**

## 30-ാം ചരമദിനം



Mrs. Reji Jose
Death: 05/10/2016
**Mr. Jose M. J., John M. J.**

# പരിശുദ്ധ അമ്മ–വാഗ്ദാനത്തിന്റെ പേടകം

ജോയി കോട്ടയ്ക്കൽ

പരിശുദ്ധ അമ്മക്കു നാം കൊടുക്കുന്ന പല വിശേഷണങ്ങളിലൊന്നാണ് 'വാഗ്ദാനത്തിന്റെ പേടകം' (Ark of the Covenent). പുതിയ നിയമത്തിലെ പുസ്തകങ്ങൾ സഭയിൽ, കാനോനികമായി, ഔദ്യോഗികമായി അംഗീകരിക്കപ്പെടുന്നതിനുമുമ്പുതന്നെ അദിമ ക്രൈസ്തവസമൂഹം പരിശുദ്ധ അമ്മയെ 'വാഗ്ദാനത്തിന്റെ പേടകമേ' എന്നു അഭിസംബോധന ചെയ്തിരുന്നു എന്ന് അലക്സാണ്ട്രിയായിലെ അത്തനാസിയൂസ് (296-373 AD), അദ്ഭുതപ്രവർത്തകനായ ഗ്രിഗറി (213-270 AD) എന്നീ സഭാപിതാക്കന്മാരുടെ എഴുത്തുകളിൽനിന്നു വെളിവാകുന്നു. എന്തുകൊണ്ടാണ് നാം പരിശുദ്ധ അമ്മയെ വാഗ്ദാനത്തിന്റെ പേടകമേ എന്നു വിളിക്കുന്നത്?

എന്നും തന്റെ ജനത്തോടൊപ്പം വസിക്കുവാൻ ആഗ്രഹിക്കുന്ന ഒരു ദൈവത്തെയാണ് നാം ബൈബിളിൽ കണ്ടെത്തുന്നത്. ''ഞാൻ അവരുടെ ഇടയിൽ വസിക്കാൻ അവർ എനിക്ക് ഒരു വിശുദ്ധ കൂടാരം സജ്ജമാക്കണം, ഞാൻ കാണിച്ചു തരുന്ന മാതൃകയനുസരിച്ചായിരിക്കണം കൂടാരവും അതിലെ ഉപകരണങ്ങളും നിർമ്മിക്കുന്നത്'' (പുറ. 25:8). തുടർന്ന് സാക്ഷ്യകൂടാരവും സാക്ഷ്യപേടകവും എങ്ങനെ നിർമ്മിക്കണമെന്നതിന്റെ സുദീർഘമായ വിവരണവും വിശദാംശങ്ങളും നാം വായിക്കുന്നു. ദൈവം നൽകിയ നിർദ്ദേശമനുസരിച്ച് സാക്ഷ്യപേടകം നിർമ്മിക്കപ്പെട്ടു. (പുറ. 37:1-9). ഹെബ്രായ ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു, ''രണ്ടാം വിരിക്കകത്തുള്ള കൂടാരം അതിവിശുദ്ധ സ്ഥലം എന്നു വിളിക്കപ്പെടുന്നു. അതിൽ സ്വർണ്ണംകൊണ്ടുള്ള ധൂപപീഠവും എല്ലാ വശവും പൊന്നുപൊതിഞ്ഞ വാഗ്ദാനപേടകവും ഉണ്ടായിരുന്നു. മന്നാ വച്ചിരുന്ന സ്വർണ്ണകലശവും അഹറോന്റെ തളിർത്തവടിയും ഉടമ്പടിയുടെ ഫലകങ്ങളും അതിൽ സൂക്ഷിച്ചിരുന്നു'' (9:3-5). ദൈവത്തിന്റെ മഹത്വത്തിന്റെ സാന്നിദ്ധ്യം ഒരു മേഘത്തിന്റെ രൂപത്തിൽ ഈ സാക്ഷ്യകൂടാരത്തെ ആവരണം ചെയ്തിരുന്നു. ''അപ്പോൾ ഒരു മേഘം സമാഗമ കൂടാരത്തെ ആവരണം ചെയ്തു. കർത്താവിന്റെ മഹത്വം കൂടാരത്തിൽ നിറഞ്ഞുനിന്നു. മോശയ്ക്കു സമാഗമകൂടാരത്തിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല; കാരണം, മേഘം അതിനെ ആവരണം ചെയ്തിരുന്നു. കർത്താവിന്റെ മഹത്വം കൂടാരത്തിൽ നിറഞ്ഞുനിന്നിരുന്നു.'' (പുറ. 40:34-35).

പഴയനിയമത്തിലെ വാഗ്ദാനപേടകത്തിനകത്ത് അതിവിശിഷ്ടമായി സൂക്ഷിക്കപ്പെട്ടിരുന്ന മൂന്നു വിശുദ്ധ വസ്തുക്കളായിരുന്നു 1. മന്ന 2. അഹറോന്റെ തളിർത്ത വടി 3. ഉടമ്പടിയുടെ ഫലകങ്ങൾ. ഈ വാഗ്ദാനപേടകം അതിവിശുദ്ധമായി കരുതപ്പെട്ടു. അതിനെ ദൈവത്തിന്റെ മഹത്വം ആവരണം ചെയ്തു. ദൈവത്തിന്റെ ജീവിക്കുന്ന സാന്നിദ്ധ്യമായി വാഗ്ദാനപേടകം കരുതപ്പെട്ടു. മോശയുടെ മരണശേഷം ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽജനം ജോർദ്ദാൻ നദി കടക്കുന്നതിന്റെ വിവരണം നാം ജോഷ്വായുടെ പുസ്തകത്തിൽ വായിക്കുന്നു. കരകവിഞ്ഞൊഴുകുന്ന ജോർദ്ദാന്റെ മറുകര കടക്കാൻ അവസരം പാർത്തിരുന്ന അവർ വാഗ്ദാനപേടകം വഹിച്ചിരുന്ന പുരോഹിതരുടെ പിമ്പിൽ അണിനിരന്നു. പക്ഷേ, ജോഷ്വാ അവരോടു പറഞ്ഞു, ''നിങ്ങൾക്കും വാഗ്ദാനപേടകത്തിനും ഇടയ്ക്കു രണ്ടായിരം മുഴം അകലം ഉണ്ടായിരിക്കണം. അതിനെ സമീപിക്കരുത്'' (ജോഷ്വാ 3:4) ''വാഗ്ദാനപേടകം വഹിച്ചിരുന്ന പുരോഹിതരുടെ പാദങ്ങൾ ജലത്തെ സ്പർശിച്ചു - കൊയ്ത്തുകാലം മുഴുവൻ ജോർദ്ദാൻ കരകവിഞ്ഞൊഴുകുക പതിവാണ് - വെള്ളത്തിന്റെ ഒഴുക്കു നിലച്ചു'' (ജോഷ്വാ 3:15).



ഒരിക്കൽ ഫിലിസ്ത്യരുമായുള്ള യുദ്ധത്തിൽ ഇസ്രായേൽക്കാർ ദയനീയമായി പരാജയപ്പെട്ടു. യുദ്ധത്തിൽ വിജയിക്കുന്നതിനായി ഷീലോയിൽ സ്ഥാപിക്കപ്പെട്ടിരുന്ന വാഗ്ദാനപേടകം അവർ യുദ്ധഭൂമിയിലെ മുൻനിരയിലേക്കു കൊണ്ടുവന്നു. പക്ഷേ ഫിലിസ്ത്യർ ആ യുദ്ധത്തിൽ ദൈവത്തിന്റെ വാഗ്ദാനപേടകം കൈവശപ്പെടുത്തി. അങ്ങനെ ഇസ്രായേൽക്കാർക്ക് വാഗ്ദാനപേടകം നഷ്ടപ്പെട്ടു. തങ്ങൾ കൈവശപ്പെടുത്തിയ വാഗ്ദാനപേടകം ഫിലിസ്ത്യർ തങ്ങളുടെ ക്ഷേത്രപ്രതിഷ്ഠകൾക്കൊപ്പം സ്ഥാപിച്ചു. പക്ഷേ ദൈവം അവരെ രോഗങ്ങളാൽ ശിക്ഷിച്ചു. അങ്ങനെ ഫിലിസ്ത്യർ വാഗ്ദാനപേടകം ഇസ്രായേൽക്കാർക്കു തിരിച്ചു നൽകി. (1 സാമു 4 മുതൽ 7 വരെയുള്ള അദ്ധ്യായങ്ങൾ).

പിന്നീടൊരിക്കൽ ദാവീദുരാജാവ് ദൈവത്തിന്റെ വാഗ്ദാനപേടകം തന്റെ നഗരത്തിലേക്കു കൊണ്ടുവരുവാനായി പുതിയൊരു കാളവണ്ടിയിൽ കയറ്റി. ആഘോഷമായി പാട്ടുപാടി നൃത്തംചെയ്ത് ദാവീദും ഇസ്രായേൽജനവും പേടകത്തിനുമുമ്പിൽ നടന്നു. യാത്രാമദ്ധ്യേ കാള വിരണ്ടതിനാൽ വണ്ടി തെളിച്ചിരുന്ന ഉസ്സാ കൈനീട്ടി പേടകത്തെ സ്പർശിച്ചു. കർത്താവിന്റെ കോപം ഉസ്സായ്ക്കെതിരെ ജ്വലിച്ചു. അനാദരമായി കൈനീട്ടിയതുകൊണ്ട് ദൈവം അവനെ കൊന്നുകളഞ്ഞു (2 സാമു. 6:1-11). ഇതുകണ്ടു പേടിച്ച

ദാവീദ് ദൈവത്തിന്റെ വാഗ്ദാനപേടകം നഗരത്തിലേക്കു കൊണ്ടുവരാതെ ഓബാദ്ഏദോമിന്റെ ഭവനത്തിൽ സ്ഥാപിച്ചു. കർത്താവിന്റെ പേടകം മൂന്നു മാസം ഏദോമിന്റെ ഭവനത്തിൽ ഇരുന്നു. കർത്താവ് അവനെയും കുടുംബത്തെയും അനുഗ്രഹിച്ചു. ദൈവത്തിന്റെ പേടകം നിമിത്തം കർത്താവ് ഏദോമിന്റെ കുടുംബത്തെയും അവനുള്ള സകലത്തേയും അനുഗ്രഹിച്ചു എന്നറിഞ്ഞ ദാവീദ് ദൈവത്തിന്റെ പേടകം സന്തോഷത്തോടെ ദാവീദിന്റെ നഗരത്തിലേക്കു കൊണ്ടുവന്നു.

പുതിയ നിയമത്തിലേക്കു കടന്നുവരുമ്പോൾ പഴയനിയമത്തിലെ വാഗ്ദാനപേടകം പരിശുദ്ധ അമ്മയെ സൂചിപ്പിക്കുന്നു എന്ന് നമുക്കു വ്യക്തമാകുന്നു. ലൂക്കാ സുവിശേഷകന്റെ മംഗളവാർത്താ വിവരണം പഴയനിയമത്തിലെ വാഗ്ദാനപേടകത്തിന്റെ വിവരണവുമായി ഒത്തുപോകുന്നത് നമ്മെ അദ്ഭുതപ്പെടുത്തും. പഴയനിയമത്തിൽ വാഗ്ദാനപേടകത്തെ ദൈവത്തിന്റെ മഹത്വത്തിന്റെ ശക്തി ആവരണം ചെയ്തതുപോലെ പുതിയ വാഗ്ദാനപേടകമായ മറിയത്തെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആവരണം ചെയ്യുന്നു. ''പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും'' (ലൂക്കാ 1:35). ദൈവത്തിന്റെ വാഗ്ദാനപേടകത്തിന്റെ മുമ്പിൽ ദാവീദു രാജാവ് പറഞ്ഞു ''ദൈവത്തിന്റെ പേടകം എന്റെ അടുക്കൽ കൊണ്ടുവരാൻ എനിക്ക് എങ്ങനെ കഴിയും?'' (1 ദിന. 13:12). പുതിയ വാഗ്ദാനപേടകമായ മറിയം എലിസബത്തിന്റെ അടുക്കലെത്തിയപ്പോൾ എലിസബത്ത് പറഞ്ഞു, ''എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള ഭാഗ്യം എനിക്ക് എവിടെനിന്ന്?''(ലൂക്കാ 1:43). ദൈവത്തിന്റെ വാഗ്ദാനപേടകത്തിന്റെ മുമ്പിൽ രാജാവായ ദാവീദ് പുരോഹിതവസ്ത്രമായ ഏഫോദ് അണിഞ്ഞുകൊണ്ട് നൃത്തം ചെയ്തു. (1 ദിന. 15:25-29) പുതിയ നിയമത്തിൽ വാഗ്ദാന പേടകമായ മറിയത്തിന്റെ അഭിവാദനസ്വരം ശ്രവിച്ചപ്പോൾ പുരോഹിതപുത്രനായ യോഹന്നാൻ സന്തോഷത്താൽ കുതിച്ചുചാടി (ലൂക്കാ 1:45).

പഴയനിയമത്തിൽ വാഗ്ദാനപേടകം മൂന്നുമാസക്കാലം ഓബദ് ഏദോമിന്റെ ഭവനത്തിൽ സ്ഥാപിക്കപ്പെട്ടു (1 ദിന. 13:14). പുതിയനിയമത്തിലെ വാഗ്ദാനപേടകമായ മറിയം മൂന്നുമാസം എലിസബത്തിന്റെ ഭവനത്തിൽ കഴിഞ്ഞു (ലൂക്കാ 1:56) വാഗ്ദാനപേടകത്തെപ്രതി ദൈവം ഏദോമിന്റെ ഭവനത്തെ അനുഗ്രഹിച്ചു. വാഗ്ദാനപേടകമായ മറിയത്തെപ്രതി ദൈവം എലിസബത്തിന്റെ കുടുംബത്തെ അനുഗ്രഹിച്ചു. പഴയനിയമത്തിൽ വാഗ്ദാനപേടകം മൂന്നുമാസത്തിനുശേഷം ദാവീദിന്റെ നഗരമായ ജറുസലേമിലേക്കു തിരിച്ചുപോയി. പുതിയനിയമത്തിലും വാഗ്ദാനപേടകമായ മറിയം മൂന്നുമാസത്തിനു ശേഷം ജറുസലേമിലേക്കു തിരിച്ചുപോയി.

പഴയനിയമത്തിലെ വാഗ്ദാനപേടകത്തിൽ അതിവിശുദ്ധമായി സൂക്ഷിക്കപ്പെട്ട മൂന്നു വസ്തുക്കളുണ്ടായിരുന്നു - മന്ന, അഹറോന്റെ തളിർത്ത വടി, ഉടമ്പടിയുടെ ഫലകങ്ങൾ. പുതിയ നിയമത്തിലെ വാഗ്ദാനപേടകമായ പരിശുദ്ധ അമ്മയുടെ ഉദരത്തിൽ ഈ മൂന്നു വസ്തുക്കളുടെയും മൂർത്തരൂപമായ യേശുവിനെ നാം കാണുന്നു. 1. സ്വർഗ്ഗത്തിൽനിന്നു വർഷിക്കപ്പെട്ട യഥാർത്ഥ മന്ന - ജീവന്റെ അപ്പമായ യേശു (യോഹ. 6:35), 2. പൗരോഹിത്യത്തിന്റെ അടയാളമായ അഹറോന്റെ പുഷ്പിച്ച വടിയുടെ സ്ഥാനത്ത് നിത്യപുരോഹിതനായ ഈശോ (ഹെബ്രാ. 7,8,9 അദ്ധ്യായങ്ങൾ), 3. ദൈവവചനത്തിന്റെ സാദൃശ്യമായ ഉടമ്പടിയുടെ ഫലകങ്ങൾക്കു പകരം ദൈവവചനം മാംസം ധരിച്ച ഈശോ (യോഹ.1:14).

പാത്മോസ് ദ്വീപിലേയ്ക്കു നാടുകടത്തപ്പെട്ട യോഹന്നാനു ദൈവം കൊടുത്ത വെളിപാടിൽ ഇതാ വീണ്ടും വാഗ്ദാനപേടകത്തിന്റെ ദർശനം. 11-ാം അദ്ധ്യായത്തിന്റെ അവസാന വചനത്തിൽ നാം ഇങ്ങനെ വായിക്കുന്നു. ''അപ്പോൾ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ ആലയം തുറക്കപ്പെട്ടു. അതിൽ അവിടുത്തെ വാഗ്ദാനപേടകം കാണാനായി. മിന്നൽ പിണരുകളും ഘോഷങ്ങളും ഇടിമുഴക്കങ്ങളും ഭൂകമ്പവും വലിയ കൻമഴയും ഉണ്ടായി.'' (11:19). തുടർന്ന് പന്ത്രണ്ടാം അദ്ധ്യായം ഒന്നാം വചനത്തിൽ യോഹന്നാൻ കാണുന്നത് സൂര്യനെ ഉടയാടയാക്കിയ, പ്രസവവേദനയാൽ പുളയുന്ന ഒരു സ്ത്രീയേയും ആ സ്ത്രീ പ്രസവിക്കുന്ന കുഞ്ഞിനെ വിഴുങ്ങാൻ കാത്തിരിക്കുന്ന ഒരു സർപ്പത്തേയുമാണ്. ബൈബിൾ അദ്ധ്യായങ്ങളായി തിരിക്കപ്പെടുന്നത് പന്ത്രണ്ടാം നൂറ്റാണ്ടിലാണ്. അപ്പോൾ യോഹന്നാൻ ഈ ദർശനത്തെക്കുറിച്ചെഴുതുമ്പോൾ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ ആലയത്തിനുള്ളിൽ കാണുന്ന വാഗ്ദാനപേടകത്തിന്റെ തുടർച്ചയാണ് ഗർഭിണിയായ - പുതിയ വാഗ്ദാനപേടകമായ - മറിയത്തിന്റെ ദർശനം.

പരിശുദ്ധ അമ്മയെ പ്രത്യേകമായി വണങ്ങുന്ന ഈ മാസത്തിൽ ഓരോ ലുത്തീനിയായിലും നാം അമ്മയെ വാഗ്ദാനത്തിന്റെ പേടകമെ എന്നു വിളിക്കുമ്പോൾ അത് എത്ര മാത്രം അർത്ഥവത്താണെന്നും, വചനാനുസൃതമാണെന്നും ദൈവത്തിനു പ്രീതികരമാണെന്നും നമുക്കു മനസ്സിലാക്കാം. പഴയനിയമത്തിലെ വാഗ്ദാനപേടകത്തെ അനാദരമായി സ്പർശിച്ചതുകൊണ്ട് ദൈവം ഉസ്സായെ കൊന്നുകളഞ്ഞെങ്കിൽ (2 സാമു. 6:1-11) ജീവിക്കുന്ന ദൈവത്തെ വഹിക്കുന്ന സക്രാരിയായ, പുതിയ വാഗ്ദാനപേടകമായ പരിശുദ്ധ അമ്മയെ നാം എത്രമാത്രം ആദരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു! ■

# ജപമാല രാജ്ഞി കുടുംബത്തിന്റെ നാഥ



ജിസ്മി ചാർളി

1571 ഒക്ടോബറിൽ യൂറോപ്പ് തുർക്കി ആക്രമണത്തിനു മേൽ അപ്രതീക്ഷിത വിജയം കൈവരിച്ചു. ഈ വിജയത്തിന്റെ കാരണമായി അവർ പറയുന്നത് പരിശുദ്ധ ജപമാല രാജ്ഞിയുടെ ശക്തമായ മാദ്ധ്യസ്ഥ്യവും ജപമാല പ്രദക്ഷിണത്തിന്റെ അനുഗ്രഹവുമാണ്. വി. പിയൂസ് അഞ്ചാമൻ മാർപ്പാപ്പ ഒക്ടോബർ മാസം പ്രത്യേകമായി ജപമാല രാജ്ഞിക്ക് സമർപ്പിക്കുകയും ഒക്ടോബർ 7 ജപമാല രാജ്ഞിയുടെ തിരുനാളായി പ്രഖ്യാപിക്കുകയും ചെയ്തു.



വർഷങ്ങൾ പലതു കഴിഞ്ഞിട്ടും കാലം പുരോഗമനത്തിന്റെ പാതയിലാണെങ്കിലും ഇന്ന് മരിയഭക്തി നാനാജാതി മതവിഭാഗങ്ങൾക്കിടയിലും വൈറലായിരിക്കുന്നു. എന്നുമുതൽ, എന്തുകൊണ്ട് കൊന്ത ഒരു ആയുധം ആയി മാറി എന്നതിനെപ്പറ്റി അറിയുന്നത് ഉചിതമായിരിക്കും. ചരിത്രാതീത കാലം മുതൽ സന്യാസിമാർ സ്ഥിരമായി ഉരുവിടുന്ന പ്രാർത്ഥനാഗീതം സങ്കീ. 150 ആയിരുന്നു. എന്നാൽ എഴുത്തും വായനയും അറിയാത്ത സാഹചര്യത്തിൽ സങ്കീർത്തനങ്ങൾക്ക് പകരം നന്മനിറഞ്ഞ മറിയമേ അവർ ഉരുവിട്ടു തുടങ്ങി.

പരി. കന്യകാമാതാവ് സ്വയം വെളിപ്പെടുത്തി നൽകിയ നിർദ്ദേശങ്ങളിലെല്ലാം പറയുന്നത് നിങ്ങൾ ദിവസവും ജപമാല ചൊല്ലി പ്രാർത്ഥിക്കണം എന്നാണ്. അതിനായി മാതാവ് 1206 ൽ വി. ഡൊമിനിക്കിന് പ്രത്യക്ഷപ്പെട്ട് ഒരു ജപമാല നൽകി. അന്നുമുതൽ ഇന്നുവരെ ജപമാല ഒരു സംരക്ഷണ കവചവും സാത്താനെതിരെ ഒരു ആയുധവുമായി ദൈവമക്കളെ കരുതുന്നു.

ആരും ആവശ്യപ്പെടാതെ ആണ് കാനായിലെ കല്ല്യാണവീട്ടിൽ അമ്മ അവരുടെ ആവശ്യങ്ങളിലേക്ക് ഇറങ്ങിചെന്നത്. ആ കരുണക്കടലിന്റെ ഒരു തുള്ളി ആ കുടുംബത്തിന് ആനന്ദ സാഗരമായി. ആ അനുഗ്രഹത്തിന് പാത്രമാകുവാൻ ആ കുടുംബം ചെയ്ത ഒരേ ഒരു കാര്യം എന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നത് ''ഈശോയുടെ അമ്മയും ശിഷ്യൻമാരും ആ വിരുന്നിന് ക്ഷണിക്കപ്പെട്ടിരുന്നു'' എന്നതാണ് (യോഹ. 2.1-2). നമ്മുടെ ജീവിതത്തിൽ അമ്മയ്ക്കും അമ്മ വഴി ഈശോയ്ക്കും പ്രവർത്തിക്കുവാൻ നാം ചെയ്യേണ്ട ഒരേ ഒരു കാര്യം, നമ്മുടെ സന്തോഷമാകട്ടെ, ദുഃഖമാകട്ടെ, രോഗമാകട്ടെ, അതിലേക്ക് അമ്മയെ ക്ഷണിക്കുക എന്നത് മാത്രമാണ്. അന്ന് കാനായിൽ മാധ്യസ്ഥ്യം വഹിച്ച അമ്മ ഇന്ന് താൻ ക്ഷണിക്കപ്പെട്ടിരിക്കുന്ന കുടുംബങ്ങളിൽ എത്രയധികമായി മാധ്യസ്ഥ്യം വഹിക്കുകയില്ല?

സ്വർലോകരാജ്ഞിയായും കാരുണ്യക്കടലായും പനിനീർപുഷ്പമായും നിത്യസഹായമായും സുഗന്ധവാഹിനിയായും വിളങ്ങുന്ന അമ്മയ്ക്ക് മാത്രം അർഹിക്കുന്ന ഏറ്റവും വലിയ മകുടം ആണ് ജപ്മാല രാജ്ഞി! മാതാപിതാക്കളും മക്കളും ഒരുമിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന കുടുംബത്തിൽ അമ്മയുടെ ശക്തമായ സാന്നിദ്ധ്യം നമുക്കു തിരിച്ചറിയാം. ഏതു നാരകീയ ശക്തികളിൽനിന്നും ആ കുടുംബം അമ്മയുടെ നീലക്കാപ്പയ്ക്കുള്ളിൽ സുരക്ഷിതമായിരിക്കും. അമ്മയുടെ കൈയ്യിലെ ഉണ്ണീശോയെപ്പോലെ എന്റെ മക്കളെ നീ കാക്കണേ എന്ന പ്രാർത്ഥനയേക്കാൾ വലിയ ഒന്നും മാതാപിതാക്കൾക്ക് തന്റെ മക്കൾക്കു വേണ്ടി നൽകാനാവില്ല.

അമ്മയിലൂടെ ഈശോയിലേക്ക് ഉള്ള ഏകവഴി ജപമല തന്നെയാണ് നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയിലൂടെ സ്വർഗ്ഗം തുറക്കപ്പെടുമെങ്കിൽ ഒരു ജപമാലയിൽ സ്വർഗ്ഗം എത്ര സന്തോഷിക്കുന്നു. സ്വർഗ്ഗയാത്രയിൽ നമുക്കുള്ള ചവിട്ടുപടിയും പിടിവള്ളിയുമായി ജപമാല മാറട്ടെ.

ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ചു വസിക്കുന്നു. ഒന്നു തിരുത്തിചേർക്കട്ടെ. ഒരുമിച്ച് ജപമാല അർപ്പിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ചു വസിക്കുന്നു ■

# KIDZEE SEPTEMBER UPDATE

September was a celebration of colors, festivals and religious feasts!!

Teachers' Day was celebrated on 5th September. It was heart warming to see the effort taken by the children to show their appreciation for their teachers. The feast of the Nativity of Mother Mary and the canonization of Mother Teresa were celebrated with art activities.







Onam was a bright and colorful event!! The flower carpet, biscuit-biting games and the teachers' 'thiruvathira' were highlights!!

Orange day was an attempt to help the children to identify and differentiate orange from other colors.

Wishing all a bright and joyous vacation!! Looking forward to the new term!!

**Mid-term admissions are open. Classes start on 17th October 2016 for NUVO (1 to 2 years), Playgroup (1.6 to 2.6 years) and Nursery (2.6 to 3.6 years).**

**For more information kindly contact the school office. ( Phone: 9742863560)**

## ഉദിഷ്ഠകാര്യം സാധിച്ചതിന് ഉപകാരസ്മരണ



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും, ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്കു വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ! അങ്ങയുടെ ഈ അനുഗ്രഹത്തെ സദാ ഞാൻ ഓർക്കുമെന്നും അങ്ങയുടെ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

**Mary Thomas**

# STARTT ACTIVITIES

STARTT LTP conducted a session 'Career Guidance and Readiness Seminar' for youth candidates on 25th September 2016.The seminar was inaugurated by Rev. Dr. Thomas Kallukalam ,Director, STARTT and was attended by 19 participants from all over Bangalore.

- Dr. Sibichen K Mathew IRS, spoke about Setting the Context in which he covered the basic information, a candidate should know when he attempts for a career.
- 'Overview on Civil Service' was elaborately covered by Dr. PC Jaffer, IAS, State Project Director,Dept. of Education, Govt. of Karnataka.
- Sessions on Career Guidance, CV preparation & Interview skills were also handled by Mr. Sony George, one of the founder members of STARTT and Founder Wise Owl.
- Panel discussion-Trending Opportunities- was conducted by Mr. Sreedhar C.K. [senior Delivery Manager, [Latam Region] Capgemini] & Mrs. Nalini George [CGI HR Director]. All the candidates were taking part in the discussion enthusiastically. Many genuine doubts regarding the job opportunities were clarified very well by the team. Mr. Rishi K Martin [AVP Kotak Mahindra Bank], was the moderator for the Panel discussion.
- Adv. Sunil Paul, Co Ordinator STARTT LTP, has explained 'Overview STARTT LTP'

As per the feedback received, the participants enjoyed the seminar thoroughly and are now eagerly waiting for the upcoming sessions of STARTT LTP which will be conducted every second Sunday of each month.

Rev. Fr Jomon Kolencherry CMI, Chancellor & Secretary for Education, Mandya Diocese and Educational Director of STARTT was also present for the session.

One of the participants successfully completed an interview session by one of the officers of Kotak Mahindra Bank and the candidate may be taken into the bank industry if he clears next level of interviews by their HD team with a starting salary of Rs.30,000/-

Next session of STARTT LTP will provide the following sessions.

- Career Guidance and counseling
- Interview Readiness
- Basic leadership Training
- Civil Service Orientation
- Entrepreneur Readiness

To register your name for the upcoming sessions, send your details to starttltp@gmail.com.
SMS/Contact: 9980740782, 90084985, 9343647079, 9480300167 ■







# ഇടവകയിലെ സന്ന്യാസ സമൂഹങ്ങൾ

# Congregation of the Holy Family (CHF)

**Sr. Sarala CHF**

1914 മെയ് 14 ന് സ്വർഗ്ഗത്തിന്റെ കൈയ്യൊപ്പുചാർത്തി മന്നവരുടെ ആഹ്ലാദാരവത്തോടെ ചരിത്രത്തിന്റെ താളുകളിൽ ഹോളിഫാമിലി സന്യാസിനി സമൂഹം വിസ്മയനീയമായവിധം ആലേഖിതമായി. ഇരിഞ്ഞാലക്കുട രൂപതയിലെ പുത്തൻച്ചിറ ഇടവകയിൽ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയും മൂന്നു കൂട്ടുകാരികളുമായി തുടക്കംകുറിച്ച Congregration of the Holy Family (CHF) ഇന്ന് 9 പ്രൊവിൻസുകളും 2 റീജിയനുകളും 230 ശാഖാഭവനങ്ങളും 2500 അംഗങ്ങളുമായി 4 ഭൂഖണ്ഡങ്ങളിലും 54 രൂപതകളിലും ഭാരതത്തിൽ 18 സംസ്ഥാനങ്ങളിലുമായി കുടുംബപ്രേഷിതോന്മുഖമായ ശുശ്രൂഷകൾ ചെയ്തുവരുന്നു. തൃശ്ശൂർ അതിരൂപതയിലെ മണ്ണുത്തിയിലാണ് കേന്ദ്രഭവനമായ ഹോളിഫാമിലി ജനറലേറ്റ് സ്ഥിതിചെയ്യുന്നത്. ജനറലേറ്റിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലുള്ള ഒരു പൊതുഭവനമാണ് ഹോളിഫാമിലി സ്റ്റഡി ഹൗസ്, ബാംഗ്ലൂർ. ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലും മറ്റു കോളേജുകളിലും പഠിക്കുന്ന 75ഓളം പെൺകുട്ടികൾ ഇവിടെ താമസിച്ച് പഠനം നടത്തിവരുന്നു. ഹോളി ഫാമിലി സിസ്റ്റേഴ്സും പഠനത്തിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ഇവിടെ താമസിച്ച് ശുശ്രൂഷ ചെയ്യുന്നു.

കുടുംബ പ്രേഷിതശുശ്രൂഷ കാര്യക്ഷമവും കാലോചിതവുമാക്കാൻ ആരംഭിച്ചിട്ടുള്ള ഫാമിലി അപ്പസ്റ്റൊലേറ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (FATRI-1987 Veloor) ഈ തലത്തിൽ ഇതര സന്ന്യാസിനി സമൂഹങ്ങൾക്കും അല്മായർക്കും നൽകുന്ന നേതൃത്വം വളരെ വലുതാണ്. പ്രോവിൻസ് തലങ്ങളിൽ ആരംഭിച്ചിട്ടുള്ള ഇൻറ്റഗ്രേറ്റട്ട് ഫാമിലി ഡെവലെപ്പ്മെന്റ് ഫോറം, ദമ്പതികൾക്കു മാത്രമുള്ള ഫാമിലി റിന്യൂവൽ സെന്റർ, കുഴിക്കാട്ടുശ്ശേരി, വിവിധ കൌൺസിലിംങ്ങ് സെന്ററുകൾ, ഇൻസേർഷൻ കമ്മ്യൂണിറ്റീസ് എന്നിവയിലൂടെ കുടുംബശുശ്രൂഷാ രംഗത്ത് നവീനങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നു.

1926 ജൂൺ 8ന് വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ നിര്യാണത്തിനുശേഷം ദീർഘകാലം (1926-1964) CHF സമൂഹത്തെ നയിച്ച ധന്യൻ ജോസഫ് വിതയത്തിലച്ചൻ ആത്മീയമായും ഭൗതീകമായും CHF നെ പരിപാലിച്ചു. രണ്ടുപേരും ഒരേദിവസം (ജൂൺ 8) തന്നെ ഈ ലോകത്തോടു വിടപറഞ്ഞത് ദൈവപരിപാലനയുടെ ഒളിമങ്ങാത്ത അദ്ഭുതത്തിന് തെളിവായി നിലകൊള്ളുന്നു.

സെന്റ് തോമസ് ഇടവകയിലെ ഹോളി ഫാമിലി വാർഡ്, സെന്റ് ജോസഫ് വാർഡ് എന്നിവിടങ്ങളിലെ പ്രാർത്ഥനാസമ്മേളനത്തിനും മറ്റു പരിപാടികൾക്കും സിസ്റ്റേഴ്സ് സജീവമായി പങ്കുചേരുന്നു. മാതൃവേദിയുടെ ആനിമേറ്റേഴ്സായും, മിശ്രവിവാഹ ഒരുക്കം, ആഴ്ചയിലൊരിക്കൽ ആശ്വാസിലെ പൊതു ശുശ്രൂഷ, ഭവന സന്ദർശനം, കൗൺസിലിംങ്ങ് മുതലായ ഇടവകയിലെ വിവിധ ശുശ്രൂഷകളിൽ പങ്കുചേരുന്നു. കൂടാതെ ആനപ്പാളയം ഇടവകയിലെ മതബോധനം, വാർഡ് മീറ്റിങ്ങുകൾ, സംഘടനാ പ്രവർത്തനങ്ങൾ, കൗൺസിലിംങ്ങ് മുതലായ എല്ലാ കാര്യങ്ങളിലും എല്ലാ ഞായറാഴ്ചകളിലും രണ്ടു സിസ്റ്റേഴ്സ് ഫുൾടൈമേഴ്സായി ശുശ്രൂഷ ചെയ്തുവരുന്നു.

ഹോളി ഫാമിലി സ്റ്റഡി ഹൗസിലെ ഇപ്പോഴത്തെ സുപ്പീരിയർ സി. സരളയാണ് (ശാന്തിധാര പ്രോവിൻസ്, ഡൽഹി) ■



# സേക്രട്ട് ഹാർട്ട് വാർഡിന്റെ ഓണാഘോഷം


















ജെ.പി. നഗർ സേക്രട്ട് ഹാർട്ട് വാർഡിന്റെ അഞ്ചാമത് ഓണാഘോഷവും പ്രാർത്ഥനാ സമ്മേളനവും ശ്രീ രമണമഹർഷി അക്കാദമിയുടെ ബ്ലൈൻഡ് സ്കൂളിൽവച്ച് സെപ്റ്റംബർ 11-ന് 4 മണിക്ക് നടത്തുകയുണ്ടായി. ഓണാഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ട് ബഹു. ഫാ. ജിയോ പള്ളിക്കുന്നേൽ സി.എം.ഐ. ദീപം തെളിക്കുകയും ബഹു. വികാരി ഫാ. തോമസ് കല്ലുകളം ഓണസന്ദേശം നൽകുകയും ചെയ്തു. അതിനുശേഷം കുടുംബാംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും അവർക്ക് പ്രോത്സാഹന സമ്മാനം നൽകി അനുമോദിക്കുകയും ചെയ്തു. തുടർന്ന് വിഭവസമൃദ്ധമായ ഓണസദ്യയോടെ ഓണാഘോഷങ്ങൾക്ക് തിരശ്ശീല വീണു.

# *Silver Jubilee Celebration of the Pr*















# riestly Ordination of Rev. Fr. Vicar













# ഇടവക വാർത്തകൾ



## കൃപാലയ ബെനഫാക്ടേഴ്സ് ഡേ

ഇടവകയുടെ സ്വസ്ഥാപനമായ കൃപാലയയിൽ സെപ്റ്റംബർ 17 ന് കൃപാലയ ബെനഫാക്ടേഴ്സ് ഡേ ആയി ആചരിച്ചു. വൈകുരേം 6 മണിക്കു നടന്ന ദിവ്യബലിയിൽ ബഹു. ഫാ. ജോസ് പ്രകാശ് ചേലയ്ക്കൽ സി.എം.ഐ. മുഖ്യകാർമ്മികത്വം വഹിച്ചു, വികാരിയും ഡയറക്ടറുമായ ഫാ. തോമസ് കല്ലുകളവും, അസി.വികാരി ഫാ. ബെന്നി തറകുന്നേലും സഹകാർമ്മികരായിരിന്നു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ വികാരി ജനറാൾ റവ.




ഫാ. മാത്യു കോയിക്കര, ധർമ്മാരാം റെക്ടർ റവ. ഫാ. തോമസ് ഐക്കര, അഡ്മിനിസ്ട്രേറ്റർ, റവ.ഡോ. മാത്യു തേനംകാലായിൽ, ബി.ബി.എം.പി. കൗൺസിലർ ശ്രീ. ജി. മഞ്ജുനാഥ്, ആശ്വാസ് ഡയറക്ടർ റവ. ഫാ. ജോൺ മാരിയൂസ്, റവ. ഫാ. കുര്യാക്കോസ് കുന്നത്ത്, വികാരി ഫാ. തോമസ് കല്ലുകളം, ചീഫ് ട്രസ്റ്റി പ്രോഫ. ജെയിൻ മാത്യു, തുടങ്ങിയവർ സന്നിഹിതരായിരുന്നു. അസി.വികാരിമാരായ ഫാ. ജസ്റ്റിൻ മണ്ണിനേഴത്ത്, ഫാ. ബെി തറക്കുന്നേൽ, ട്രസ്റ്റിമാർ, കൃപാലയായിൽ നിസ്വാർത്ഥമായി സേവനം ചെയ്യുകയും കൃപാലയായുടെ നടത്തിപ്പിനായി ആത്മീയമായും ഭൗതികമായും സഹകരിക്കുകയും ചെയ്യുന്ന അൽമായർ, ബഹു. ബ്രദേഴ്സ്, സിസ്റ്റേഴ്സ് തുടങ്ങിയവർ കൃപാലയ മക്കളോടൊപ്പം ആഘോഷപരിപാടികളിൽ പങ്കുചേർന്നു. പ്രായഭേദമെന്യെ കുട്ടികളും, അമ്മമാരും, കൃപാലയ നിവാസികളും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. ട്രസ്റ്റി ശ്രീ. ബെന്നി സെബാ



സ്റ്റ്യൻ ഇതുമായി സഹകരിച്ച എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് സ്നേഹവിരുന്നോടെ പരിപാടികൾ സമാപിച്ചു. കൃപാലയയിലെ ബഹു. മദറിനും സിസ്റ്റേഴ്സിനും പ്രത്യേകം അഭിനന്ദനങ്ങൾ!

## വാഹന വെഞ്ചരിപ്പ്

സെന്റ് ക്രിസ്ററഫർ അസോസിയേഷന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 25–ാം തിയതി ഞായറാഴ്ച വാഹന ആശീർവ്വാദദിനമായി ആചരിച്ചു. എല്ലാ ദിവ്യബലികൾക്കുശേഷവും അപകടരഹിതയാത്രയ്ക്കുള്ള പ്രത്യേക പ്രാർത്ഥനയും വാഹനവെഞ്ചരിപ്പും നടത്തി.

## കാരുണ്യ ഓണ കിറ്റുകൾ

Poor Aid Fund ധനശേഖരണാർത്ഥം, ഓണാഘോഷത്തോടനുബന്ധിച്ച് 154 കാരുണ്യ ഓണ കിറ്റുകൾ (ഏകദേശം ഒരു ലക്ഷത്തി ഒരുനൂറ് രൂപ) സൗജന്യമായി നിർദ്ദനകുടുംബങ്ങൾക്ക് നൽകുകയുണ്ടായി. ഈ ഉദ്യമത്തോട് സഹകരിച്ച എല്ലാവർക്കും നന്ദി.

## സങ്കീർത്തനങ്ങൾ കേട്ട്...

പ്രിയ ബഹുമാനപ്പെട്ട അസി. വികാരി, ഫാ. ജസ്റ്റിൻ മണ്ണിനേഴത്ത് അച്ചന്റെ നേതൃത്വത്തിൽ പള്ളിയങ്കണത്തിൽ ആരംഭിച്ച പച്ചക്കറികൃഷിയുടെ വിളവെടുപ്പു തുടങ്ങി.. ചീര, കാബേജ്, വെണ്ടയ്ക്ക, തക്കാളി, വിവിധതരം പയറുകൾ തുടങ്ങിയവ പള്ളിമുറ്റത്ത് വളർന്നുവരുന്നു.

## Legal Awarness Programme

Advocate Forum ന്റെ നേതൃത്വത്തിൽ ഒരു Legal Awarness Programme സെപ്റ്റംബർ 18 –ാം തിയതി നടക്കുകയുണ്ടായി.

## ലോഗോസ് ബൈബിൾ ക്വിസ്

ലോകത്തിലെ ഏറ്റവും കൂടുതൽ പേർ പങ്കെടുക്കു കെ.സി.ബി.സി. യുടെ ലോഗോസ് ബൈബിൾ ക്വിസ് ആദ്യ

മായി നമ്മുടെ രൂപതയിൽ കമ്മീഷൻ ഫോർ ബൈബിൾ ആൻഡ് കാറ്റെകെറ്റിക്സിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 25 –ാം തിയതി നടക്കുകയുണ്ടായി. ധർമ്മാരാം സെന്ററിൽ രജിസ്റ്റർ ചെയ്ത 70 ഓളം പേർ എ.സി. ഹാളിൽവച്ച് നടന്ന ബൈബിൾ ക്വിസിൽ പങ്കെടുത്തു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

## ജപമാല

ഒക്ടോബർ മാസത്തിലെ ജപമാല 6–ാം തിയതി വ്യാഴാഴ്ച മുതൽ 15–ാം തിയതി ശനിയാഴ്ചവരെ 10 ദിവസം നമ്മുടെ ഇടവകദേവാലയത്തിൽ ആഘോഷമായി നടത്തുകയുണ്ടായി. ഈ കരുണയുടെ വർഷത്തിൽ എല്ലാ കുടുംബങ്ങളെയും സമർപ്പിതരെയും മരണമടഞ്ഞ പ്രിയപ്പെട്ടവരെയും ലോകം മുഴുവനെയും ജപമാലപ്രാർത്ഥനയിൽ പ്രത്യേകമായി ഓർത്ത് പരിശുദ്ധ അമ്മവഴി ദൈവസിധിയിലേയ്ക്ക് ഉയർത്തി ദൈവകൃപക്കുവേണ്ടി പ്രാർത്ഥിക്കുകയുണ്ടായി. നിരവധി ഇടവകാംഗങ്ങൾ



ഭക്തിയോടും നിഷ്ഠയോടുംകൂടി രക്ഷാകരരഹസ്യങ്ങളെ പരിശുദ്ധ അമ്മയോടു ചേർന്ന് ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ദൈവകൃപ പ്രാപിക്കുകയും ചെയ്തു. വൈകുരേം 5.30 ന്റെ ദിവ്യബലിയോടെ ഓരോ ദിസവും നിയോഗിക്കപ്പെട്ട കോൺവെന്റുകളുടെയും, വാർഡുകളുടെയും, ഭക്തസംഘടനകളുടെയും നേതൃത്വത്തിൽ പ്രത്യേകം നിയോഗങ്ങളോടെയാണ് ജപമാലപ്രാർത്ഥന നടന്നത്. വിവിധ വിഷയങ്ങളെ ആസ്പദമക്കി കാർമ്മികർ വചനസന്ദേശം നൽകുകയുണ്ടായി. അവസാനദിവസം ദേവാലയത്തിനുചുറ്റും നടന്ന ജപമാല പ്രദക്ഷിണത്തിൽ



അനേകം ഭക്തജനങ്ങൾ പങ്കുചേർന്നു.

## മാതൃസംഗമം

മണ്ഡ്യ രൂപതയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 1 –ാം തിയതി ശനിയാഴ്ച നമ്മുടെ പള്ളിയിൽവച്ച് മാതൃസംഗമം നടക്കുകയുണ്ടായി. വിവിധ ഇടവകകളിൽനിന്നുള്ള അമ്മമാർ പങ്കെടുത്തു.

## Nurses Forum

Nurses Forum ന്റെ ആഭിമുഖ്യത്തിൽ 35 വയസ്സിൽ കൂടുതലുള്ള സ്ത്രീകൾക്കുണ്ടാവുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും വളരെ ഉപകാരപ്രദമായ ഒരു സെഷൻ ഒക്ടോബർ 2 –ാം തിയതി പാരീഷ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ വച്ച് നടന്നു.

## പൗരോഹിത്യ രജതജൂബിലി

നമ്മുടെ വികാരി റവ. ഡോ. തോമസ് കല്ലുകളം സി.എം.ഐ. യുടെ പൗരോഹിത്യ രജതജൂബിലി ഒക്ടോബർ 16–ാം തിയതി ഞായറാഴ്ച ഇടവകയിൽ ആഘോഷിച്ചു. വൈകിട്ട് 5 മണിക്ക് ദേവാലയത്തിൽ നടന്ന കൃതജ്ഞതാബലിയിൽ ജൂബിലേറിയൻ മുഖ്യ കാർമ്മികത്വം വഹിച്ചു. വികാരി ജനറാൾ റവ.ഡോ. മാത്യു കോയിക്കര, ചാൻസലർ റവ.ഫാ. ജോമോൻ കോലഞ്ചേരി എന്നിവർ സഹകാർമ്മികരായിരുന്നു. തുടർന്ന് പാരീഷ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ ഫാ. ജോബ് മൈലാടിയിൽ മെമ്മോറിയൽ ഹാളിൽ നടന്ന പൊതുസമ്മേളനത്തിൽ മണ്ഡ്യരൂപത മെത്രാൻ അഭിവന്ദ്യ മാർ ആന്റണി കരിയിൽ പിതാവ്, ട്രാൻസ്പോർട്ട് മിനിസ്റ്റർ, ശ്രീ രാമലിംഗ റെഡ്ഢി, ബി.ബി.എം.പി. കോർപറേറ്റർ, ജി. മഞ്ജുനാഥ്, ധർമ്മാരാം കോളേജ് റെക്ടർ റവ.ഫാ. തോമസ് ഐക്കര, പ്രൊഫസർ ടോമി കല്ലറയ്ക്കൽ മുതലായവർ പങ്കെടുക്കുകയും ആശംസകൾ നേരുകയും ചെയ്തു. തുടർന്ന് കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു. രണ്ടായിരത്തിൽപരം ഇടവകജനങ്ങൾ പങ്കെടുത്ത പരിപാടികൾക്ക് അസി.വികാരിമാരായ റവ.ഫാ.



ജസ്റ്റിൻ മണ്ണിനേഴത്ത്, റവ. ഡോ. ബെന്നി തറകുന്നേൽ, ട്രസ്റ്റിമാർ, സംഘടനാഭാരവാഹികൾ, വാർഡ് കൗൺസിലേഴ്സ് തുടങ്ങിയവർ നേതൃത്വം കൊടുത്തു.

## മിഷൻ സൺഡേ

ഒക്ടോബർ 16–ാം തിയതി മിഷൻ സൺഡേയായി ആചരിച്ചു. സൺഡേ സ്കൂൾ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധതരം സ്റ്റാളുകളിലൂടെയും, കൗതുകമുണർത്തു കളികളിലൂടെയും, വാശിയേറിയ ലേലംവിളികളിലൂടെയും മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സംഭാവന സ്വരൂപിച്ചു.





**മാതൃവേദി അംഗങ്ങൾ ആശ്വാസിൽ**

## മന്ന

കാരുണ്യവർഷത്തിൽ സെന്റ് തോമസ് പള്ളിയുടെ പുതിയ സംരംഭമായ 'മന്ന' ഒക്ടോബർ 16 ന് പ്രവർത്തനം ആരംഭിച്ചു. നമ്മുടെ ഇടവകയിലെ സോഷ്യൽ വർക്ക്




ഗ്രൂപ്പാണ് ഇതിനു നേതൃത്വം കൊടുക്കുന്നത്. സോഷ്യൽ വർക്ക് ഗ്രൂപ്പിൽ അംഗങ്ങൾ ആകാൻ ആഗ്രഹിക്കുന്നവർ ഓഫീസിൽ പേര് റജിസ്റ്റർ ചെയ്യുക.







Holy Family Ward, വൈകിട്ട് 6 മണിക്ക് Jimmy Bhavan ൽനിന്നും ജപമാല പ്രദക്ഷിണം ഉപാസനയിലേക്ക്.

St. Jude Ward, BTM വൈകിട്ട് 6 മണിക്ക് Mr. Christopher Pereira യുടെ ഭവനത്തിൽ.

St. Xaviers Ward, വൈകിട്ട് 6 മണിക്ക് PT Antony യുടെ ഭവനത്തിൽനിന്നും ജപമാല പ്രദക്ഷിണം ജ്ഞാനോദയയിലേക്ക്, തുടർന്ന് ദിവ്യബലി, സ്നേഹവിരുന്ന്.

St. Sebastian Ward, at 5.30 pm Holy Mass at Sanjeevana Convent, followed by Candle lit procession to St. Joseph Convent, Snehavirunnu.

St. Mary's Ward, Thavarakere, വൈകിട്ട് 6.30 ന് Mr. K J Thomas ന്റെ ഭവനത്തിൽ.

St. Alphonsa Ward, വൈകിട്ട് Mr. CP Joyയുടെ ഭവനത്തിൽനിന്നും ജപമാല പ്രദക്ഷിണം അൽഫോൻസാ ഭവനിലേക്ക്.

St. Paul's Ward, Chickadugodi വൈകിട്ട് 6.30 ന് Philips Compound ൽ.

St. Francis Assisi Ward, വൈകിട്ട് 7 മണിക്ക് Dharmaram College Quarters ൽനിന്നും ജപമാല പ്രദക്ഷിണം ഗുരുകുലം ചാപ്പലിലേക്ക്.

St. Chavara Ward, Maruthi Nagar, വൈകിട്ട് 6 ന് SD Convent ൽ.

St. Thomas Ward, വൈകിട്ട് 7 മണിക്ക് Saveena Convent ൽനിന്നും ജപമാല പ്രദക്ഷിണം പള്ളിയിലേക്ക്, തുടർന്ന് സ്നേഹവിരുന്ന്.

## ഓർത്തിരിക്കാൻ

### ഏയ്ഞ്ചൽസ് മീറ്റ്

രൂപതയിൽ 2015 ആഗസ്റ്റ് മുതൽ ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കായുള്ള 'ഏയ്ഞ്ചൽസ് മീറ്റ്' നവംബർ 1–ാം തിയതി ചൊവ്വാഴ്ച കർമ്മലാരാം പള്ളിയിൽവച്ച് നടത്തുന്നു.

### ചാവറ ക്രിക്കറ്റ് കപ്പ് 2016

St. Chavara Associationന്റെ ആഭിമുഖ്യത്തിൽ നവംബർ 12, 13 തിയതികളിൽ ബാംഗ്ലൂരിലെ സീറോ മലബാർ പള്ളികളെ ഉൾപ്പെടുത്തികൊണ്ട് ക്രൈസ്റ്റ് യൂണിവേഴ്സിറ്റി ഗ്രൗണ്ടിൽവച്ച് ഇന്റർ പാരീഷ് ക്രിക്കറ്റ് ടൂർണമെന്റ് – ചാവറ ക്രിക്കറ്റ് കപ്പ് 2016 – നടത്തപ്പെടുന്നു.

### ആദ്യകുർബാന–സ്ഥൈര്യലേപനം: ക്ലാസ്സുകൾ

ആദ്യകുർബാനസ്വീകരണവും സ്ഥൈര്യലേപനവും സ്വീകരിക്കുന്ന കുട്ടികൾക്കുള്ള ക്ലാസ്സുകൾ ഒക്ടോബർ 30–ാം തിയതി ഞായറാഴ്ച ആരംഭിക്കുന്നു. അന്നുതന്നെ 2.30 ന് ഈ കുട്ടികളുടെ മാതാപിതാക്കളുടെ മീറ്റിംഗ് ഉണ്ടായിരിക്കും. എല്ലാ ശനി, ഞായർ ദിവസങ്ങളിലും ഉച്ചതിരിഞ്ഞ് 2.30 മുതൽ 5 മണിവരെയായിരിക്കും കുട്ടികൾക്കുള്ള ക്ലാസ്സുകൾ. 2017 ജനുവരി 8–ാം തിയതിയാണ് നമ്മുടെ ഇടവകയിൽ ആദ്യകുർബാനയും സ്ഥൈര്യലേപനവും നൽകുക.

### മരിച്ചവരുടെ ഓർമ്മ ദിനം

നവംബർ 2–ാം തിയതി ഇടവകയിൽ നമ്മിൽനിന്നും മരണമടഞ്ഞുപോയ പ്രിയപ്പെട്ടവരുടെ ഓർമ്മദിനമായി ആചരിക്കുന്നു. അന്നേ ദിവസം മരിച്ചവർക്കുവേണ്ടി പ്രത്യേക ദിവ്യബലിയും തുടർന്ന് ദേവാലയത്തിലും സെമിത്തേരിയിൽ കല്ലറകളിലും ഒപ്പീസും ഉണ്ടായിരിക്കും. കല്ലറയിൽ ഒപ്പീസ് നടത്തുവാൻ ആഗ്രഹിക്കുവർ നേരത്തേ തന്നെ ഓഫീസിൽ പേര് തരേണ്ടതും അതിനുള്ള ക്രമീകരണങ്ങൾ ചെയ്ത് സെമിത്തേരിയിൽ സന്നിഹിതരാകേണ്ടതുമാണ്.

### മൈനോരിറ്റി സ്കോളർഷിപ്പ്

എല്ലാ മൈനോരിറ്റി സ്കോളർഷിപ്പുകൾക്കും ഒക്ടോബർ 31 വരെ അപേക്ഷിക്കാവുന്നതാണ്. കുട്ടികൾ Notification പ്രകാരമുള്ള എല്ലാ Documents ഉം ശരിയാക്കി, വൈകിട്ട് 6 മണി മുതൽ പാരീഷ് ഓഫീസിൽ വന്നാൽ ഓൺലൈനിൽ അപ്ലൈ ചെയ്യാവുന്നതാണ്.

2016

STARTT ന്റെ നേതൃത്വത്തിൽ സ്കൂൾ കോളേജ് കുട്ടികൾക്കായി നവംബർ ഒന്നാം തിയതി 'STARTT Challenge 2016' എന്ന ക്വിസ് മത്സരം നടത്തുന്നു.

### ഫൊറോന കൺവെൻഷൻ

കാരുണ്യവർഷം പ്രമാണിച്ച് നടത്തുന്ന ഫൊറോന കൺവെൻഷൻ (പ്രാർത്ഥനാദിനവും പൂർണ്ണ ദണ്ഡവിമോചന ശുശ്രൂഷയും) നവം. 12 ശനിയാഴ്ച 3.30 മുതൽ 8.30 വരെ നമ്മുടെ ദേവാലയത്തിൽവച്ച് നടത്തുന്നു ■

# എഴുതാത്ത ബൈബിൾ ക്വിസ്




## നിബന്ധനകൾ

1. 2016 നവംബർ 10-നകം ശരിയുത്തരങ്ങൾ പാരീഷ് ഓഫീസിൽ എൽപ്പിക്കേണ്ടതാണ്.
2. അൽമായർക്കുവേണ്ടി മാത്രമാണ് ഈ മത്സരം. ഒരു കുടുംബത്തിൽ നിന്നും ഒരാളിൽ കുടുതൽ പങ്കെടുക്കാൻ പാടില്ല
3. വ്യക്തമായും കൃത്യമായും എഴുതിയ ഉത്തരങ്ങൾക്കൊപ്പം വാർഡും, അഡ്രസ്സും, ഫോൺ നമ്പരും ചേർക്കേണ്ടതാണ്.
4. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടെങ്കിൽ നറുക്കെടുപ്പിലൂടെ വിജയികളെ നിശ്ചയിക്കുന്നതായിരിക്കും.
5. പി.ഓ.സി. (മലയാളം) എൻ. ആർ. എസ്. വി. (ഇംഗ്ലീഷ്) എന്നീ ബൈബിൾ വിവർത്തനങ്ങളാണ് ഉപയോഗിക്കേണ്ടത്.
6. മത്സരത്തെക്കുറിച്ചുള്ള വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
7. മത്സരവിജയികൾക്ക് ഒന്നാം സമ്മാനം 500 രൂപയും രണ്ടാം സമ്മാനം 300 രൂപയും മൂന്നാം സമ്മാനം 200 രൂപയും നൽകുന്നതാണ്.
8. നിങ്ങളുടെ ഉത്തരങ്ങൾ ഒരു വാക്യത്തിൽ കവിയരുത്. (വചനത്തിന്റെ reference എഴുതണം).
9. നിങ്ങൾ എഴുതുന്ന ഉത്തരകടലാസിലും, കവറിലും പേരും അഡ്രസ്സും ഫോൺ നമ്പറും എഴുതി പത്രാധിപരെ ഏൽപ്പിക്കുക

## ബാറൂക്ക്

1) ക്ഷീണിച്ചു കുനിഞ്ഞു നടക്കുവനും, വിശന്നു പൊരിഞ്ഞു കണ്ണു മങ്ങിയവനും എന്തു ചെയ്യും?
2) ദൈവത്തിന്റെ മാർഗ്ഗത്തിൽ ചരിച്ചിരുന്നെങ്കിൽ നീ എന്നേക്കും എങ്ങനെ വസിക്കുമായിരുന്നു?
3) അവയ്ക്ക് വിധി പ്രസ്താവിക്കുവാനോ, മനുഷ്യർക്കു എന്തു ചെയ്യുവാനുമാണ് കഴിവില്ലാത്തത്?
4) അപ്പോൾ അവർ വിലപിക്കുകയും ഉപവസിക്കുകയും കർത്താവിനോടു എന്തു ചെയ്യും?
5) അവിടുത്തെ കാരുണ്യവും, നീതിയും അവർക്ക് എന്താകും?
6) നിങ്ങൾ ഹൃദയത്തിൽ പറയണം കർത്താവേ അങ്ങയെ ആണ് ഞങ്ങൾ എന്തു ചെയ്യേണ്ടത്?
7) ഞങ്ങൾ പാപം ചെയ്തു ഞങ്ങൾ അധർമ്മം പ്രവർത്തിച്ചു അങ്ങയുടെ കൽപനകളോ?
8) അകലാൻ കാണിച്ചതിന്റെ പത്തിരട്ടി തീക്ഷ്ണതയോടെ തിരിച്ചു വന്നു എന്തു ചെയ്യണം?
9) പ്രകാശിക്കുകയും, ശുശ്രൂഷയ്ക്കായി അയയ്ക്കപ്പെടുകയും ചെയ്യുന്ന സൂര്യനും, ചന്ദ്രനും നക്ഷത്രങ്ങളും എന്തു ഉള്ളവരാണ് ?
10) അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കുതിനായി അങ്ങയെക്കുറിച്ചുള്ള ഭയം ഞങ്ങളുടെ ഹൃദയത്തിൽ അങ്ങ് എന്തു ചെയ്തു?
11) കർത്താവിന്റെ സന്നിധിയിൽ ഞങ്ങൾ പാപം ചെയ്തു ഞങ്ങൾ അവിടുത്തെയോ?
12) നീ ദു:ഖത്തിന്റെയും, പീഡനത്തിന്റെയും വസ്ത്രം മാറ്റി ദൈവത്തിൽ നിന്നുള്ള എന്താണ് അണിയുക?
13) അവർ ദൈവത്തിന്റെ നിയമത്തിൽ നിന്നു വ്യതിചലിച്ചു അവിടുത്തെ നിയമങ്ങളോ?
14) ദൈവത്തിന്റെ ആലയം എത്ര വലുതാണ് അവിടുത്തെ ദേശമോ?
15) പാതാളത്തിൽ കിടക്കുന്നവർ കർത്താവിനെ മഹത്വപ്പെടുത്തുകയോ, പിന്നെ എന്തു പറഞ്ഞാണ് പ്രഘോഷിക്കാത്തത് ?

1. What does the one who is deeply grieved, who walks bowed and feeble, with failing eyes and famished soul do?
2. How would you live if you had walked in the way of the Lord?
3. '...they are neither able to give judgment, nor to---------------for men.'
4. 'Then they wept, and fasted, and ----------- before the Lord
5. How will the mercy and justice of the Lord help Israel?
6. '...say in your hearts, "You, Lord, are the one to be ------------ !"
7. We have sinned, we have been ungodly, we have done wrong, O Lord our God, ----------- your ordinances.
8. 'For just as you were disposed to go astray from God, return with tenfold zeal to------------.'
9. 'The sun and moon and stars are bright, -----------------in the task for which they are sent.'
10. 'For you have put -------------in our hearts so that we would call upon your name.'
11. '...because we have sinned before the Lord. We have ------------ him, and have not heeded the voice of the Lord our God.'
12. 'Take off the garment of your sorrow and affliction, O Jerusalem, and put on --------------- from God.'
13. 'They had no ----------- for his statutes; they did not walk in the ways of God's commandments, ...'
14. 'O Israel, how great is the house of God, how ---------------- the territory that he possesses!'
15. 'the dead who are in Hades, whose spirit has been taken from their bodies, will not ascribe -----------or ------------to the Lord...'

## BIBLE QUIZ ANSWERS REFERENCE

### (September 2016)

1. പ്രവാചകനും 2:20
2. വിജയിച്ചിരിക്കുന്നു 1:9
3. അകൃത്യങ്ങൾ വഹിക്കുന്നു 5:7
4. സ്വർഗ്ഗസ്ഥനായ ദൈവത്തിങ്കലേക്ക് 3:41
5. ഇനി അവിടുന്ന് അനുവദിക്കുകയില്ല 4:22
6. ഏറെ ധിക്കാരം കാണിച്ചു 1:20
7. നിഗ്രഹിച്ചു 2:22
8. ഒട്ടകപ്പക്ഷിയെപ്പോലെ 4:3
9. മയങ്ങിവീഴുന്നു 2:11
10. എന്നെ ഏൽപ്പിച്ചുകൊടുത്തു 1:14
11. അന്ധകാരത്തിൽ 3:6
12. സംഗീതമാലപിക്കുന്നില്ല 5:14
13. പ്രത്യാശ 3:24
14. കൈകളുയർത്തുക 2:19
15. അങ്ങയിലേക്കു 5:21

### Bible Quiz കഴിഞ്ഞ ലക്കം വിജയികൾ

**I Prize -AP Thomas**
(St. Paul's Ward Chickadugodi)

**II Prize -Iona Balentyne**
(St. Jude Ward, BTM)

**III Prize- Marykkutty Mathew**
(St Mary's Ward)


# LADIES TAILORING & EMBROIDARY CLASSES

**Opposite St. Thomas Church**
**4th Cross, Bhavani Layout**

**Ph: 080 26781153**
**Mob: 8971734918**


## BAPTISM

| Sl # | Name | Date |
|---|---|---|
| 1 | Sheeba (St Thresa of Kolkata) | 17.09.2016 |

## MARRIAGE

| | | |
|---|---|---|
| 1 | Arun Anand & Aniroopa A | 11.09.2016 |
| 2 | Christy Allen Becker nandan & Jeanne Jennifer | 14.09.2016 |
| 3 | Anthony Vimal & Ponmalar S | 15.09.2016 |
| 4 | Joseph Ninal & Diana | 02.10.2016 |

## DEATH

| | | |
|---|---|---|
| 1 | Nithyananda (Varghese) | 23.09.2016 |
| 2 | Reji Jose | 05.10.2016 |

### പള്ളിമുറ്റത്ത് വിളയുന്ന നന്മകൾ

ജൈവ വള മിശ്രിത കിറ്റ്, വിത്തുകൾ, ഗ്രോ ബാഗുകൾ എന്നിവ പള്ളിയിൽനിന്നും കുറഞ്ഞ നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ളവർ താഴെ പറയുന്ന നമ്പറിൽ ഓർഡർ ചെയ്യുക.

**Office - 080 25536021**

**ജൈവ വള മിശ്രിത കിറ്റ്**

1 Kit = Rs. 150
20 Kits = Rs. 2600
50 Kits = Rs. 6250



**Catherine Rose Joe** (VI B)
St. Xaviers Ward


Five Star Deluxe Standards and Hygienic Tasty Food Are the Hall Mark of
Mangalya
CATERERS
The Art of Fine Caterers
H.O.: 98806 17261, 97438 99948
Our Specials
Duck Roast
Prawns Fry
Fish Moly
Pork Vindaloo
മംഗല്യ


JC
JAISON CATERERS
The Taste of Bangalore)
Jaison Vezhapparambil
Tel: 080 25524540
Cell: 92431 03753
No. 8, Brindavan Nagar, Ramaiah Gardens, D.R.C. Post
Bangalore - 560 029
E-mail : jaisoncaterers@yahoo.com





# Chavara Matrimony.com

**CMI വൈദികർ നേതൃത്വം നൽകുന്നു**

ഫാ. റോബി കണ്ണൻചിറ സി.എം.ഐ
ഡയറക്ടർ

ജോൺസൺ സി. എബ്രഹാം
എക്സിക്യൂട്ടീവ് ഡയറക്ടർ

## Chavara Family Welfare Centre

St.Thomas Shopping Complex, C/o St.Thomas Forane Church, Christ School Road

Bangalore 080 41202698

**H.O Chavara Cultural Centre, Kochi, Kerala**

21 Branches in Kerala, Karnataka & Delhi

ARATT
Changing the way you live

ARATT
Amora
Live in Love
Jigani-Anekal Road, Near APC Circle.



VILLAS THAT MAKE DREAMS



Call Us: 080 4250 2000 I +91 99455 02000
Member CREDAI
E:sales@aratt.in I www.aratt.com